VOL NO: 06 I ISSUE 47
www.nerpatham.com
mail@nerpatham.com
2022 NOVEMBER 19 I ₹10

# നേർപഥം

വാരിക



## അധികാര പ്രയോഗ സേനയോ ജനസേവന സേനയോ

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനായി സർക്കാർ മുന്നോട്ടുവെച്ച നടപടികൾ ഏറെ സ്വാഗതാർഹമാണ്. എന്നാൽ സാമൂഹികവും സാംസ്കാരികവും ധാർമികവുമായ മൂല്യച്യുതിയ്ക്ക് കാരണമാകുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്താനിടയുള്ളതുമായ ലിബറൽ ചിന്താഗതികളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങൾ പ്രയോഗവൽക്കരിക്കാനുള്ള ആയുധങ്ങളാക്കി പാഠപുസ്തകങ്ങളെ മാറ്റാനുള്ള നിർദേശങ്ങൾ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല.

# പാഠ്യപദ്ധതി പരിഷ്കരണത്തിലെ ഒളിയജണ്ടകൾ

|| സത്യവിശ്വാസിയുടെ വ്യതിരിക്തത

|| ശാരീരികവളർച്ചയുടെ അനിവാര്യ തലങ്ങൾ

|| എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്: വാദവും മറുവാദവും





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0304

# നേർപഥം
വാരിക

2022 നവംബർ 19
1444 റബീഉൽ ആഖിർ 24
പുസ്തകം 06 / ലക്കം 47






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10



## പാഠ്യപദ്ധതി പരിഷ്കരണത്തിലെ ഒളിയജണ്ടകൾ
അബൂഹാസിം

**05**
മുഖമൊഴി
അധികാര പ്രയോഗ സേനയോ
ജനസേവന സേനയോ

**06**
പാരന്റിംഗ്
ശാരീരികവളർച്ചയുടെ
അനിവാര്യ തലങ്ങൾ
അഷ്‌റഫ് എകരൂൽ

**18**
ലേഖനം
എസെൻഷ്യൽ റിലീജിയസ്
പ്രാക്ടീസ്: വാദവും മറുവാദവും
സുഫ്‌യാൻ അബ്ദുസ്സലാം

**26**
ലേഖനം
രോഗവും ചികിത്സയും
ഹുസൈൻ സലഫി

**31**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**34**
ഹദീസ് പാഠം
സത്യവിശ്വാസിയുടെ വ്യതിരിക്തത
സിയാദ് അൽഹികമി, സുൽത്താൻബത്തേരി

## 'രോഗം: വിശ്വാസികൾ അറിയേണ്ടത്'

'നേർപഥം' ലക്കം 301ൽ ഹുസൈൻ സലഫി എഴുതിയ 'രോഗം: വിശ്വാസികൾ അറിയേണ്ടത്' എന്ന കവർ സ്റ്റോറി ഓരോ വിശ്വാസിയും അനിവാര്യമായും വായിച്ചിരിക്കേണ്ടതാണ്. ഇന്ന് എന്തെങ്കിലും രോഗം ഇല്ലാത്തവർ ഇല്ല എന്നുതന്നെ പറയാം. ജീവിതശൈലി രോഗങ്ങൾ എന്ന ഓനപ്പേരിൽ അറിയപ്പെടുന്ന രോഗങ്ങൾ ഒരുഭാഗത്ത്. ബാക്ടീരിയകളും വൈറസുകളും വഴി പകരുന്ന പകർച്ചവ്യാധികൾ മറുഭാഗത്ത്. ഹാർട്ട് ബ്ളോക്ക്, സ്ട്രോക്ക് എന്നിങ്ങനെയുള്ളവ വേറെയും. വരുമാനത്തിന്റെ നല്ലൊരു ഭാഗവും ചികിത്സയ്ക്കുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു പലർക്കും.

ഏതുതരം രോഗമാണെങ്കിലും അല്ലാഹുവിന്റെ പരീക്ഷണമാണ് എന്നതാണ് ആദ്യം മനസ്സിലാക്കേണ്ടത്. ജീവിച്ചിരിക്കുന്ന കാലമത്രയും പൂർണമായ ആരോഗ്യത്തോടെയും സൗഖ്യത്തോടെയും കഴിയുക എന്നത് മനുഷ്യന്റെ നടക്കാത്ത മോഹമാണ്. പലവിധ രോഗങ്ങളും നമ്മെ ബാധിച്ചേക്കാം. അത്തരം സന്ദർഭങ്ങളിൽ ഒരു മുസ്‌ലിം പാലിക്കേണ്ട മര്യാദകൾ എന്തായിരിക്കണം, അതിനോടുള്ള സമീപനം എങ്ങനെയായിരിക്കണം എന്നൊക്കെ സലഫിയുടെ ലേഖനത്തിന്റെ ബാക്കി ഭാഗങ്ങളിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. ഐഹിക ജീവിതവും അതിലെ അനുഭവങ്ങളും ശാശ്വതമല്ല. ഇന്ന് നമുക്ക് സന്തോഷമാണെങ്കിൽ നാളെ നമുക്ക് ദുഃഖമായേക്കാം. അങ്ങനെ രാവും പകലും മാറിമാറി വരുന്നത് പോലെ, സുഖവും ദുഃഖവും സന്തോഷവും സങ്കടവുമൊക്കെ മാറിമാറി വന്നുകൊണ്ടേയിരിക്കും. എല്ലാം ഉൾക്കൊള്ളുവാൻ വിശ്വാസികൾക്ക് സാധിക്കേണ്ടതുണ്ട്.

*-മുഹമ്മദ് ശമീം, ആലുവ*

ജനസംഖ്യ നിയന്ത്രണവുമായി ബന്ധപ്പെട്ട് മുജീബ് ഒട്ടുമ്മൽ എഴുതിയ ലേഖനം (ലക്കം 302) വായിച്ചു. വിഷയം സമഗ്രമായിത്തന്നെ ലേഖകൻ കൈകാര്യം ചെയ്തിട്ടുണ്ട്.

വിദ്വേഷ പ്രചാരണത്തിനായി ഹിന്ദുത്വവാദികൾ കാലങ്ങളായി ഉപയോഗിച്ചുവരുന്ന രാഷ്ട്രീയ ആയുധമാണ് ജനസംഖ്യവിസ്ഫോടന സിദ്ധാന്തം. രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ; പ്രത്യേകിച്ച് മുസ്‌ലിംകളുടെ അംഗസംഖ്യ നാൾക്കുനാൾ വർധിച്ച് വരുന്നുവെന്നും ഈ നില തുടർന്നാൽ അധികം വൈകാതെ ഇന്ത്യ ഒരു മുസ്‌ലിം രാജ്യമാകുമെന്നുമുള്ള ഭീതിയാണ് സംഘപരിവാരങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നിൽ നിൽക്കുന്ന, നേതാക്കൾ എന്തു പറഞ്ഞാലും കണ്ണടച്ച് വിശ്വസിക്കുന്ന, വളരെ പെട്ടെന്നുതന്നെ വൈകാരികമായി പ്രതികരിക്കുന്ന സ്വഭാവമുള്ള ജനങ്ങളാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുള്ളത്.

അങ്ങനെയുള്ള ജനതയെ, കപടയുക്തിയുടെയും കള്ളങ്ങളുടെയും ചേരുവകളോടെ തങ്ങൾ ക്ഷയിച്ചു കൊണ്ടിരിക്കുന്ന ഒരു ജനതയാണ് എന്ന് വിശ്വസിപ്പിക്കൽ എളുപ്പമാണ്. കൊളോണിയൽ ഭരണകൂടം അധികാരം നിലനിർത്തുന്നതിനായി ഹിന്ദു-മുസ്‌ലിം വിഭജനത്തിന് വേണ്ടി ഉപയോഗിച്ച വ്യാജവർത്തമാനങ്ങളിൽ ഒന്നായിരുന്നു ജനപ്പെരുപ്പ ഭീതി. അത് ഭിന്നിപ്പിക്കാനും വെറുപ്പുൽപാദിപ്പിക്കാനും പറ്റിയ ഒന്നാണെന്നു തിരിച്ചറിഞ്ഞ സംഘ്പരിവാറുകാർ അത് ഏറ്റുപിടിക്കുകയായിരുന്നു. ആവശ്യമുള്ളപ്പോഴൊക്കെ അവർ അതെടുത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.

*- ഹാശിം പി.ടി, വടകര*

## വൃദ്ധസദനം

'നേർപഥം' ലക്കം 302ൽ തെസ്ന വീരാൻ എഴുതിയ 'വൃദ്ധസദനം' എന്ന കവിത കഴമ്പുള്ള, ചിന്താർഹമായ ഒരു രചനയായിരുന്നു. കവയിത്രിക്കും വാരികയുടെ അണിയറ ശിൽപികൾക്കും അഭിനന്ദനങ്ങൾ.

*-സാജിദ സലീം, ചാവക്കാട്*

# അധികാര പ്രയോഗ സേനയോ ജനസേവന സേനയോ

സംസ്ഥാന പൊലീസ് സേനയിലെ 744 ഉദ്യോഗസ്ഥർ ക്രിമിനൽ കേസ് പ്രതികളാണെന്ന കണക്ക് ഈയിടെ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. സംസ്ഥാനത്തെ സിവിൽ പൊലീസ് ഉദ്യോഗസ്ഥർ മുതൽ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ഈ 744 പേരിലുണ്ട്. കേസുകളിൽ ശിക്ഷിക്കപ്പെട്ട് പുറത്താക്കപ്പെട്ടവരുടെ പട്ടിക പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോടതി ശിക്ഷിച്ച, കുറ്റക്കാരെന്ന് ബോധ്യപ്പെട്ടവരുടെ മാത്രം കണക്കാണിത്. കൊലക്കേസ് പ്രതികൾ മുതൽ പോക്സോ കേസിൽ ഉൾപ്പെട്ട പ്രതികൾവരെ പുറത്താക്കപ്പെട്ട പോലീസുകാരുടെ പട്ടികയിലുണ്ട്. ഗുരുതര കുറ്റകൃത്യങ്ങൾ നടത്തിയ എസ്ഐ വരെയുള്ള ഉദ്യോഗസ്ഥരെ പിരിച്ചുവിടാനുള്ള അധികാരം റെയ്ഞ്ച് ഐജിമാർക്കുണ്ട്. ഇത്തരത്തിൽ പുറത്താക്കപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ 691 പേർക്കെതിരെയാണത്രെ വകുപ്പുതല അന്വേഷണം നടക്കുന്നത്.

മുഖ്യമന്ത്രി ഇടയ്ക്കിടെ ശക്തമായിത്തന്നെ പൊലീസുകാർക്കിടയിലെ ദുഷ്പ്രവണതകൾക്കെതിരെ ശബ്ദിക്കാറുണ്ട്. കേരള ഹൈക്കോടതിയും പൊലീസിന്റെ 'എടാ, പോടാ' വിളി അവസാനിപ്പിക്കുവാനും ജനങ്ങളോട് മാന്യമായി പെരുമാറുവാനും പറയാറുണ്ട്.

ഇപ്പോഴിതാ മുഖ്യമന്ത്രി വീണ്ടും പൊലീസിനെതിരെ രൂക്ഷമായ വിമർശനവുമായി രംഗത്തുവന്നിരിക്കുന്നു. കൊല്ലം റൂറൽ ജില്ലാ പൊലീസ് ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം കൊട്ടാരക്കരയിൽ നിർവഹിക്കവെയാണ് മുഖ്യമന്ത്രിയുടെ വിമർശനം. പൊലീസ് സേനയിലെ വിരലിൽ എണ്ണാവുന്നവർ ചെയ്യുന്ന ചില പ്രവൃത്തികൾ സേനയ്ക്ക് ആകെ കളങ്കമായിത്തീരുന്നു എന്നത് ഗൗരവമായി കാണേണ്ടതുണ്ടെന്നും അത്തരക്കാരോട് ഒരു ദയവും ദാക്ഷിണ്യവും കാണിക്കാൻ പറ്റില്ലെന്നും അദ്ദേഹം പറഞ്ഞു.

'പൊലീസ് സേനയെ കളങ്കപ്പെടുത്തുന്നവരെ സംരക്ഷിക്കേണ്ടതോ ഉൾക്കൊള്ളേണ്ടതോ ആയ ബാധ്യത പൊലീസിനില്ല. 'അധികാര പ്രയോഗ സേന'യെന്ന ധാരണയുണ്ടെങ്കിൽ അതു തിരുത്തി പൊലീസ് 'ജനസേവന സേന'യാകണം. തന്നെക്കാൾ പ്രാധാന്യത്തോടെ പൊതുജനങ്ങളെ കാണാനും സേവനം നൽകാനും കഴിയുക എന്നതാണ് പൊലീസ് സേനയുടെ പ്രാഥമിക കർത്തവ്യം. വാക്കും പ്രവൃത്തിയും മികച്ചതാവാൻ ജാഗരൂകരാകണം. കളങ്കിതരെ സേനയുടെ ഭാഗമാക്കില്ല എന്നാണ് നിലപാട്' എന്നെല്ലാം മുഖ്യമന്ത്രി വ്യക്തമാക്കിയിരിക്കുകയാണ്. സേനയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി മൂന്നാം മുറയുൾപ്പെടെയുള്ള, സമൂഹത്തിന് ചേരാത്ത പ്രവണതകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുമെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

'നിയമ പാലകർ' എന്നാണ് പൊലീസിനെ നാം വിശേഷിപ്പിക്കാറുള്ളത്. എന്നാൽ നിയമ ലംഘകരായി പൊലീസിലെ ചിലർ മാറുന്നുണ്ട് എന്നത് കാണാതിരുന്നുകൂടാ. ഇത് മൊത്തത്തിൽ പൊലീസ് സേനയുടെ സൽപേരിന് കങ്കമുണ്ടാക്കുന്നുവെന്നതിൽ സംശയമില്ല.

ജനങ്ങളുടെ നിർഭയ ജീവിതം ഉറപ്പുവരുത്തുക എന്നത് പൊലീസിന്റെ ഉത്തരവാദിത്തമാണ്. പൊലീസും പൊലീസ് സ്റ്റേഷനും ഉള്ളതുകൊണ്ടു തന്നെയാണ് കുറ്റകൃത്യങ്ങൾ ഭീകരമായ രൂപത്തിൽ വർധിക്കാതിരിക്കുന്നത്. പൊലീസിനെയും പൊലീസ് സ്റ്റേഷനെയും പൊതുജനം ഭയത്തോടെ നോക്കിക്കാണുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ആളുകളുടെ മുഖത്തുനോക്കി ഏറ്റവും വൃത്തികെട്ട വാക്കുകൾ പറയുക എന്നത് ഒരു ക്വാളിഫിക്കേഷനായി കാണുന്ന പൊലീസുകാരുണ്ട്. സ്വന്തം പിതാവിന്റെ പിതാവിനെക്കാൾ പ്രായമുള്ള വ്യക്തിയെ പോലും എടാ എന്നു വിളിക്കാനും അതിന്റെ കൂടെ മറ്റു ചില അശ്ലീല പദങ്ങൾ കൂട്ടിച്ചേർക്കാനുമൊക്കെ 'ചങ്കൂറ്റം' കാണിക്കുന്ന പൊലീസുകാർക്ക് എങ്ങനെ ജനമൈത്രി പൊലീസുകാർ ആകാൻ കഴിയും?

"അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ഒരു ദീനാർ, അടിമമോചനത്തിനായി ചെലവിടുന്ന ഒരു ദീനാർ, അഗതിക്കുവേണ്ടി ചെലവിടുന്ന ഒരു ദീനാർ, കുടുംബത്തിന്നുവേണ്ടി ചെലവിടുന്ന ഒരു ദീനാർ, ഇതിൽ പ്രതിഫലത്തിൽ ഏറ്റവും മഹത്തരമായത് നിന്റെ കുടുംബത്തിനുവേണ്ടി ചെലവഴിച്ച ദീനാറാകുന്നു''
- നബി(സ്വ)

# ശാരീരികവളർച്ചയുടെ അനിവാര്യ തലങ്ങൾ

അശ്റഫ് എകരൂൽ

മനുഷ്യന്റെ ശാരീരികവളർച്ചയും മാനസികവളർച്ചപോലെ വളരെ പ്രധാനപ്പെട്ടതാണ്. മാത്രമല്ല; അതിലെ ഏറ്റവ്യത്യാസങ്ങൾ മാനസികവളർച്ചയിലെ ഏറ്റവ്യത്യാസങ്ങളെക്കാൾ കൂടുതൽ ദൃശ്യവുമാണ്. ആയതിനാൽ ശാരീരികവളർച്ചക്ക് അനിവാര്യമായ ഘടകങ്ങൾ കുട്ടികൾക്കു പരിഗണിച്ചുനൽകൽ മാതാപിതാക്കളുടെ നിർബന്ധ ബാധ്യതകളിൽ പെട്ടതാണ്. ആരോഗ്യവും ശാരീരികപുഷ്ടിയും കുട്ടികൾക്കു നേടിക്കൊടുക്കുംവിധം വളർച്ചക്ക് അനിവാര്യമായ എല്ലാ സൗകര്യങ്ങളും അവർക്ക് ലഭ്യമാക്കേണ്ടതുണ്ട്. അത് അവർക്ക് ഉറപ്പുവരുത്തുന്ന നിർദേശങ്ങൾ ഇസ്‌ലാം നൽകുന്നുണ്ട്.

അവരുടെ ആരോഗ്യകരമായ വളർച്ചക്ക് ഉതകുന്ന ഭക്ഷണവും വസ്ത്രവും പാർപ്പിടവും ലഭ്യമാക്കുകയെന്നതാണ് അതിൽ പ്രഥമമായത്. പോഷകാഹാരക്കുറവു നിമിത്തമോ കാലാവസ്ഥാവ്യതിയാനംമൂലമോ മോശമായ പരിസരം മുഖേനയോ രോഗബാധിതരാകാതിരിക്കാൻ അത് അത്യാവശ്യമാണ്. അതിനായി തന്റെ സമ്പത്ത് ആവശ്യാനുസരണം ചെലവഴിക്കേണ്ടവനാണ് കുടുംബനാഥൻ. അതിന് അല്ലാഹുവിന്റെ അടുക്കൽനിന്ന് മഹത്തായ പ്രതിഫലമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.



നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ഒരു ദീനാർ, അടിമമോചനത്തിനായി ചെലവിടുന്ന ഒരു ദീനാർ, അഗതിക്കുവേണ്ടി ചെലവിടുന്ന ഒരു ദീനാർ, കുടുംബത്തിന്നുവേണ്ടി ചെലവിടുന്ന ഒരു ദീനാർ, ഇതിൽ പ്രതിഫലത്തിൽ ഏറ്റവും മഹത്തരമായത് നിന്റെ കുടുംബത്തിനുവേ

> **“വയറിനെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറയ്ക്കുന്നില്ല. മനുഷ്യപുത്രന് മുതുക് നിവർന്നുനിൽക്കാനുള്ള ഏതാനും പിടി ഭക്ഷണം മതിയാകുന്നതാണ്. അത്യാവശ്യമാണെങ്കിൽ വയറിന്റെ മൂന്നിൽ ഒന്ന് ഭക്ഷണത്തിനും മൂന്നിൽ ഒന്ന് പാനീയത്തിനും മൂന്നിൽ ഒന്ന് വായുവിനും (എന്ന രീതിയിൽ) മതിയാകുന്നതാണ്”**
> **- നബി(സ്വ)**

ണ്ടി ചെലവഴിച്ച ദീനാറാകുന്നു” (മുസ്‌ലിം)

മക്കൾക്ക് ആരോഗ്യദായകമായ ഭക്ഷണവും സുരക്ഷിതമായ വീടും അനുയോജ്യമായ വസ്ത്രങ്ങളും ഉറപ്പുവരുത്തുന്നതിലൂടെ അവരുടെ ശാരീരിക ആരോഗ്യവും വളർച്ചയും മെച്ചപ്പെടുത്താൻ സാധിക്കുന്നു. ആരോഗ്യരംഗത്തെ പ്രവാചക നിർദേശങ്ങൾ കണിശമായി ശീലിപ്പിക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ശാരീരികവളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട കാലമാണ് കുട്ടിക്കാലം. ഈ ഘട്ടത്തിൽ വരുന്ന വീഴ്ചയോ അവഗണനയോ ഭാവിയിൽ ഒരു വ്യക്തിക്ക് സ്വയം തിരുത്തൻ കഴിയാത്തതാവും.

ശാരീരികവളർച്ചയിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന മൂന്ന് കാര്യങ്ങളാണ് ഭക്ഷണം, പാനീയം, ഉറക്കം എന്നിവ. കുട്ടികളിൽ നല്ല ശീലങ്ങളും സ്വഭാവങ്ങളും ഉണ്ടായിത്തീരാൻ ഈ രംഗത്തെ മാർഗദർശനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

അതിൽ ഒന്ന് ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നതിൽ നിന്ന് മക്കളെ തടയുകയെന്നതാണ്. നല്ല ഭക്ഷണം ആവശ്യത്തിന് നൽകുകയെന്നതുപോലെ പ്രാധാന്യമുള്ളതാണ് അമിതഭോജനത്തെയും അനാരോഗ്യകരമായ ഭക്ഷണ പാനീയങ്ങളെയും തടയുകയെന്നതും.

നബി(സ്വ) പറഞ്ഞു: “വയറിനെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറയ്ക്കുന്നില്ല. മനുഷ്യപുത്രന് മുതുക് നിവർന്നു നിൽക്കാനുള്ള ഏതാനും പിടി ഭക്ഷണം മതിയാകുന്നതാണ്. അത്യാവശ്യമാണെങ്കിൽ വയറിന്റെ മൂന്നിൽ ഒന്ന് ഭക്ഷണത്തിനും മൂന്നിൽ ഒന്ന് പാനീയത്തിനും മൂന്നിൽ ഒന്ന് വായുവിനും (എന്ന രീതിയിൽ) മതിയാകുന്നതാണ്” (അഹ്മദ്).

അമിതഭോജനത്തെ കുറിച്ചുള്ള താക്കീത് ഉൾക്കൊള്ളുന്നതാണ് ഈ പ്രവാചകവചനം. ഇന്ന് ലോകത്ത് കുട്ടികൾക്കിടയിലെ ഏറ്റവും വലിയ വില്ലൻ ഭക്ഷണ പാനീയങ്ങളുടെ അമിതത്വം മൂലമുണ്ടാകുന്ന രോഗങ്ങളാണെന്നത് നമുക്ക് പാഠമാവേണ്ടതുണ്ട്. ഈ രംഗത്തുള്ള നബിപാഠങ്ങൾ നമ്മൾ നന്നായി ശ്രദ്ധിക്കേണ്ടതുണ്ട്.



> **ശാരീരികവളർച്ചയിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന മൂന്ന് കാര്യങ്ങളാണ് ഭക്ഷണം, പാനീയം, ഉറക്കം എന്നിവ. കുട്ടികളിൽ നല്ല ശീലങ്ങളും സ്വാഭാവങ്ങളും ഉണ്ടായിത്തീരാൻ ഈ രംഗത്തെ മാർഗദർശനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഒന്ന് ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നതിൽനിന്ന് മക്കളെ തടയുകയെന്നതാണ്. നല്ല ഭക്ഷണം ആവശ്യത്തിന് നൽകുകയെന്നതുപോലെ പ്രാധാന്യമുള്ളതാണ് അമിതഭോജനത്തെയും അനാരോഗ്യകരമായ ഭക്ഷണ പാനീയങ്ങളെയും തടയുകയെന്നത്.**

വെള്ളം കുടിക്കുമ്പോൾ രണ്ടു മൂന്നു ഇറക്കുകളായി കുടിക്കാൻ നബി(സ്വ) പഠിപ്പിച്ചത് കാണാം. അതുപോലെ ഭക്ഷണ പാനീയങ്ങളിൽ ഊതുന്നതിനെ വിലക്കിയതും കാണാവുന്നതാണ്. ഇമാം തിർമിദി ഇബ്നുഅബ്ബാസി(റ)ൽനിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ ഇങ്ങനെ കാണാം: നബി(സ്വ) പറഞ്ഞു: “നിങ്ങൾ കഴുതകൾ കുടിക്കുന്നതുപോലെ (ഒറ്റവലിക്ക്) കുടിക്കരുത്. മറിച്ച്, രണ്ടോ മൂന്നോ പ്രാവശ്യമാക്കി കുടിക്കുക. കുടിക്കുമ്പോൾ നിങ്ങൾ ബിസ്മി ചൊല്ലുകയും വിരമിച്ചാൽ ഹംദ് ചൊല്ലുകയും ചെയ്യുക.”

മറ്റൊരു വചനത്തിൽ ഇങ്ങനെ കാണാം: അബു ഖതാദ(റ) ഉദ്ധരിക്കുന്നു: “പാത്രത്തിൽ ശ്വാസംവിടുന്നത് നബി(സ്വ) വിരോധിച്ചു” (ബുഖാരി, മുസ്‌ലിം). തിർമിദിയുടെ റിപ്പോർട്ടിൽ ‘ശ്വാസം വിടുന്നതോ ഊതുന്നതോ വിലക്കി’ എന്നു കാണാം.

ഉറക്കത്തിന്റെ വിഷയത്തിലും നബിപാഠങ്ങൾ നാം കുട്ടികളെ ശീലിപ്പിക്കേണ്ടതുണ്ട്. ഉറക്കത്തിന്റെ കാര്യത്തിലുണ്ടാകുന്ന താള

പ്പിഴവുകൾ കുട്ടികളുടെ ആരോഗ്യത്തെയും ദഹനവ്യവസ്ഥകളെയും ബൗദ്ധിക വ്യവഹാരങ്ങളെയും പ്രതികൂലമായി എത്രത്തോളം ബാധിക്കുമെന്നതിൽ രക്ഷിതാക്കൾ ബോധവാൻമാരാകേണ്ടതുണ്ട്.

നേരത്തെ ഉറങ്ങാനും നേരത്തെ എഴുന്നേൽക്കാനും നബി(സ്വ) ഉണർത്തിയത് കുട്ടികൾക്കുകൂടി ബാധകമാണെന്നത് നാം മറന്നുകൂടാ. കൂടാതെ, ഉറങ്ങാൻ പോകുന്നതിനു മുമ്പ് വുദൂഅ് ചെയ്യുക, വലതുഭാഗത്തേക്ക് ചരിഞ്ഞുകിടക്കുക, ദിക്റുകളും പ്രാർഥനകളും ചൊല്ലിക്കൊടുക്കുകയും ചൊല്ലാൻ ശീലിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയെല്ലാം ആരോഗ്യകരമായതും ആശ്വാസകരവുമായ ഉറക്കം ലഭിക്കാൻ ആവശ്യമാണ്.

നബി(സ്വ) പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ വിരിപ്പിലേക്ക് വരുമ്പോൾ നമസ്കാരത്തിന് എന്നപോലെ വുദൂഅ് ചെയ്യുക. പിന്നീട് വലതുഭാഗത്തേക്ക് ചരിഞ്ഞുകിടക്കുക. എന്നിട്ട് 'അല്ലാഹുമ്മ അസ്‌ലംതു നഫ്സീ ഇലയ്ക....' എന്ന പ്രാർഥന ചൊല്ലുക. അങ്ങനെ നീ മരിക്കുകയാണെങ്കിൽ ശുദ്ധപ്രകൃതിയിലായിക്കൊണ്ടാണ് നീ മരിക്കുക. അത് നിന്റെ അവസാനത്തെ വർത്തമാനമാക്കുക" (ബുഖാരി, മുസ്‌ലിം).



മുകളിൽ പറഞ്ഞ മൂന്നു കാര്യങ്ങളുടെയും (ഭക്ഷണം, പാനീയം, ഉറക്ക്) താളാത്മകത ശാരീരിക സൗന്ദര്യത്തിൽ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്. ഉള്ളിലേക്കു തള്ളിയ കലങ്ങിയ കണ്ണുകൾ, പ്രസന്നത വറ്റിപ്പോയ മുഖം, കാൽസ്യത്തിന്റെ കുറവുകൊണ്ടോ അമിതമായ മധുരപലഹാരങ്ങളുടെ ഉപയോഗം നിമിത്തമോ നിരതെറ്റിയതോ കേടുപാടുകൾ നിറഞ്ഞതോ ആയ പല്ലുകൾ... ഇവയെല്ലാംമൂലം നഷ്ടപ്പെട്ടുപോയ സൗന്ദര്യത്തെ കുറിച്ച് ഭാവിയിൽ അവർ ആകുലപ്പെടുകയോ നിരാശ പിടിപെടുകയോ ചെയ്യുമ്പോൾ അവർ മനസ്സിലെങ്കിലും കുറ്റപ്പെടുത്തുന്നത് അശ്രദ്ധരായ രക്ഷിതാക്കളെയാകും.

ഇതുപോലെ ശാരീരിക വളർച്ചയിലെ അനിവാര്യഘടകമാണ് മക്കളെ പകർച്ചവ്യാധികളിൽനിന്നും മറ്റു രോഗാതുര പരിസരത്തുനിന്നും അകറ്റിനിർത്തുകയും ഇടകലരാൻ അനുവദിക്കാതിരിക്കുകയും ചെയ്യുക എന്നത്. രോഗമുള്ളതിനെ ആരോഗ്യമുള്ളതിനോടൊപ്പം കൂട്ടിച്ചേർക്കരുതെന്നു നബി(സ്വ) നിർദേശിച്ചതിൽ നമുക്ക് പാഠമുണ്ട്. വീട്ടിൽ രോഗമുള്ള മക്കളോ മുതിർന്നവരോ ഉണ്ടാകുമ്പോൾ മറ്റു കുട്ടികളോട് അവരിൽനിന്ന് അകലം പാലിക്കാൻ നിർദേശിക്കുകയും അത് ശീലിപ്പിക്കുകയും ചെയ്യുകയെന്നത് രക്ഷിതാക്കളുടെ മതപരമായ ബാധ്യതകൂടിയാണെന്നർഥം. കൊറോണ പരന്നപ്പോളാണ് ഇത്തരം കാര്യങ്ങൾ നാം ശ്രദ്ധിക്കാൻ തുടങ്ങിയത്. എന്നാൽ പ്രവാചകൻ(സ്വ) കണിശമായി അക്കാലത്തുതന്നെ ഇത്തരം നിർദേശങ്ങളെല്ലാം തന്നിട്ടുണ്ട്!

രോഗബാധിതരായാൽ അനിവാര്യമായ ചികിത്സ നൽകുന്നതിൽ അലംഭാവമരുത് താനും.

**ഇതുപോലെ ശാരീരിക വളർച്ചയിലെ അനിവാര്യഘടകമാണ് മക്കളെ പകർച്ചവ്യാധികളിൽനിന്നും മറ്റു രോഗാതുര പരിസരത്തുനിന്നും അകറ്റിനിർത്തുകയും ഇടകലരാൻ അനുവദിക്കാതിരിക്കുകയും ചെയ്യുക എന്നത്. രോഗമുള്ളതിനെ ആരോഗ്യമുള്ളതിനോടൊപ്പം കൂട്ടിച്ചേർക്കരുതെന്നു നബി(സ്വ) നിർദേശിച്ചതിൽ നമുക്ക് പാഠമുണ്ട്. വീട്ടിൽ രോഗമുള്ള മക്കളോ മുതിർന്നവരോ ഉണ്ടാകുമ്പോൾ മറ്റു കുട്ടികളോട് അവരിൽനിന്ന് അകലം പാലിക്കാൻ നിർദേശിക്കുകയും അത് ശീലിപ്പിക്കുകയും ചെയ്യുകയെന്നത് രക്ഷിതാക്കളുടെ മതപരമായ ബാധ്യതകൂടിയാണെന്നർഥം. കൊറോണ പരന്നപ്പോളാണ് ഇത്തരം കാര്യങ്ങൾ നാം ശ്രദ്ധിക്കാൻ തുടങ്ങിയത്. എന്നാൽ പ്രവാചകൻ(സ്വ) കണിശമായി അക്കാലത്തുതന്നെ ഇത്തരം നിർദേശങ്ങളെല്ലാം തന്നിട്ടുണ്ട്!**

പല രക്ഷിതാക്കളും ഒന്നുകിൽ ചികിത്സയിൽ അമിതത്വം കാണിച്ച് ആശങ്കയിൽ അതിരുവിടുന്നവരോ, ആവശ്യമായ ചികിത്സ നൽകാതെ പ്രാർഥനയിൽ മാത്രം അഭയം തേടുന്നവരോ ആണ്. ചിലരാകട്ടെ നിഷിദ്ധമായ മാർഗങ്ങളും അതിനായി തേടും. മുതിർന്നവരുടെ കാര്യത്തിലെന്നപോലെ മക്കളുടെ കാര്യത്തിലും ഈ രംഗത്ത് ഇസ്‌ലാമിന്റെത് മധ്യമ നിലപാടാണ് എന്ന് കാണാൻ കഴിയും. രോഗവും ചികിത്സയും ദൈവികമായ വ്യത്യസ്ത വിധികളാണെന്നും മനുഷ്യൻ ഭൗതികമായ ചികിത്സാമാർഗങ്ങളിലൂടെ ശമന കാരണങ്ങൾ സ്വീകരിക്കുകയും രോഗശമനം പൂർണമായി നൽകാൻ കഴിവുള്ള അല്ലാഹുവിനോട് പ്രാർഥിക്കുകയുമാണ് ചെയ്യേണ്ടതെന്നും നാം തിരിച്ചറിയണം. അതുപോലെ ഈ രംഗത്ത് പഠിപ്പിക്കപ്പെട്ട ദുആകളും ദിക്റുകളും അവലംബിക്കുകയും വേണം. ഈ വിഷയത്തിൽ പ്രവാചകന്റെ നിർദേശങ്ങൾ നിരവധി നമുക്ക് കാണാൻ കഴിയും.

ഇമാം മുസ്‌ലിം ജാബിറി(റ)ൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: നബി (സ്വ) പറഞ്ഞു: "എല്ലാ രോഗങ്ങൾക്കും മരുന്നുണ്ട്. മരുന്ന് രോഗത്തെ ബാധിച്ചാൽ (യോജിച്ചുവന്നാൽ) അല്ലാഹുവിന്റെ അനുമതിയോടുകൂടി അതിൽനിന്ന് മുക്തമാവും."

ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉസാമ ഇബ്നു ശരീക്(റ) എന്ന സ്വഹാബിയിൽനിന്ന് ഉദ്ധരിക്കുന്നു: "ഞാൻ ഒരിക്കൽ നബി (സ്വ)യുടെ അടുത്തുണ്ടായിരുന്നപ്പോൾ, ഏതാനും ഗ്രാമീണർ വന്നു നബിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ചികിത്സിക്കണോ?' നബി(സ്വ) പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ ചികിത്സിക്കുവിൻ. തീർച്ചയായും അല്ലാഹു ഒരു രോഗത്തിനും ശമനം നിശ്ചയിക്കാതിരുന്നിട്ടില്ല; ഒരു രോഗത്തിനൊഴികെ.' അവർ ചോദിച്ചു: 'അത് ഏതാണ്?' അദ്ദേഹം പറഞ്ഞു: 'വാർധക്യം.'

ഇമാം അഹ്മദ്(റ) അബൂഹുറയ്റ(റ)യിൽനിന്ന് ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്; ഞാൻ ചോദിച്ചു: "തിരുദൂതരേ, നമ്മൾ മന്ത്രിക്കുന്ന മന്ത്രങ്ങൾ, ചികിത്സിക്കുന്ന മരുന്നുകൾ, സ്വീകരിക്കുന്ന സുരക്ഷാകാര്യങ്ങൾ ഇവ അല്ലാഹുവിന്റെ 'വിധി'യിൽനിന്ന് വല്ലതും തടുക്കുമോ?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അതും അല്ലാഹുവിന്റെ 'വിധി'ക്കുള്ളിൽ തന്നെയുള്ളതാണ്."

കുട്ടികളുടെ രോഗവും ചികിത്സയുമായി ബന്ധപ്പെട്ടു നല്ല ബോധവും ബോധ്യവും തിരിച്ചറിവും മാതാപിതാക്കൾക്ക് അനിവാര്യമാണ്. ചെറിയ ഒരു രോഗത്തിന്റെ അടയാളം പ്രകടമാകുമ്പോഴേക്കും വലിയ ഹോസ്പിറ്റലുകളിൽ, സ്പെഷ്യലിസ്റ്റുകളെത്തന്നെ കാണിക്കുകയും അനിവാര്യമല്ലായിട്ടും നിരവധി മരുന്നുകൾ കുട്ടികളെ തീറ്റിക്കുകയും അതിനായി അനാവശ്യമായി പണം ചെലവഴിക്കുകയും ചെയ്യുന്ന മാതാക്കളുണ്ട്. അടുത്തുള്ള ഗവൺമെന്റ് ഹെൽത്ത് സെന്ററിൽ പോകുന്നത് മോശമായി ഇവർ കാണുന്നു. മരുന്നിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ഇവർ ചിന്തിക്കാറില്ല.

നല്ല ഭക്ഷണം, മതിയായ ഉറക്കം, കായികക്ഷമത വളർത്തുന്ന കളികൾ, മിതമായ രീതിയിൽ സൂര്യപ്രകാശം കൊള്ളൽ പോലുള്ളവയിലൂടെ കുട്ടികൾ നേടേണ്ട പലതും ഗുളികകളിലൂടെയും ടോണിക്കുകളിലൂടെയും നേടാൻ വെമ്പൽകൊള്ളുന്നത് പലപ്പോഴും അവരല്ല, രക്ഷിതാക്കളാണ്. വെറും വെള്ളം ഉപയോഗിച്ച് ആവി പിടിക്കുന്നതിലൂടെ മാറാൻ സാധ്യതയുള്ള കഫക്കെട്ടും ജലദോഷവും മൂക്കടപ്പുമെല്ലാം ഗുരുതര പാർശ്വഫലങ്ങളുണ്ടാക്കുന്ന സിറപ്പുകളിലൂടെത്തന്നെ മാറ്റണം എന്ന് വാശിപിടിക്കാതിരിക്കാനുള്ള മനസ്സ് രക്ഷിതാക്കൾക്ക് വേണം. രോഗമുക്തിലഭിക്കാനും പൈശാചിക ഉപദ്രവങ്ങൾക്ക് കുട്ടികൾ വിധേയരാവാതിരിക്കാനുമുള്ള ദിക്റുകളും ദുആകളും ഖുർആൻ പാരായണവും പതിവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും അനിവാര്യമാണ്. ചുരുക്കത്തിൽ രോഗം വന്നാൽ ചികിത്സിക്കുന്നതും രോഗം വരാതിരിക്കാനുള്ള ജാഗ്രത പാലിക്കുന്നതും ഇസ്‌ലാമിക മര്യാദകളിൽ പെടുന്നതാണ്.

(തുടരും)

**കുട്ടികളുടെ രോഗവും ചികിത്സയുമായി ബന്ധപ്പെട്ടു നല്ല ബോധവും ബോധ്യവും തിരിച്ചറിവും മാതാപിതാക്കൾക്ക് അനിവാര്യമാണ്. ചെറിയ ഒരു രോഗത്തിന്റെ അടയാളം പ്രകടമാകുമ്പോഴേക്കും വലിയ ഹോസ്പിറ്റലുകളിൽ, സ്പെഷ്യലിസ്റ്റുകളെത്തന്നെ കാണിക്കുകയും അനിവാര്യമല്ലായിട്ടും നിരവധി മരുന്നുകൾ കുട്ടികളെ തീറ്റിക്കുകയും അതിനായി അനാവശ്യമായി പണം ചെലവഴിക്കുകയും ചെയ്യുന്ന മാതാക്കളുണ്ട്. അടുത്തുള്ള ഗവൺമെന്റ് ഹെൽത്ത് സെന്ററിൽ പോകുന്നത് മോശമായി ഇവർ കാണുന്നു. മരുന്നിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ഇവർ ചിന്തിക്കാറില്ല. രോഗമുക്തിലഭിക്കാനും പൈശാചിക ഉപദ്രവങ്ങൾക്ക് കുട്ടികൾ വിധേയരാവാതിരിക്കാനുമുള്ള ദിക്റുകളും ദുആകളും ഖുർആൻ പാരായണവും പതിവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും അനിവാര്യമാണ്. ചുരുക്കത്തിൽ രോഗം വന്നാൽ ചികിത്സിക്കുന്നതും രോഗം വരാതിരിക്കാനുള്ള ജാഗ്രത പാലിക്കുന്നതും ഇസ്‌ലാമിക മര്യാദകളിൽ പെടുന്നതാണ്.**



# പാഠ്യപദ്ധതി പരിഷ്കരണത്തിലെ ഒളിയജണ്ടകൾ

അബൂഹാസിം

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനായി സർക്കാർ മുന്നോട്ടുവെച്ച നടപടികൾ ഏറെ സ്വാഗതാർഹമാണ്. എന്നാൽ സാമൂഹികവും സാംസ്കാരികവും ധാർമികവുമായ മൂല്യച്യുതിയ്ക്ക് കാരണമാകുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്താനിടയുള്ളതുമായ ലിബറൽ ചിന്താഗതികളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങൾ പ്രയോഗവൽക്കരിക്കാനുള്ള ആയുധങ്ങളാക്കി പാഠപുസ്തകങ്ങളെ മാറ്റാനുള്ള നിർദേശങ്ങൾ പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല.**

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമീപനം, ഉള്ളടക്കം, വിനിമയം, മൂല്യനിർണയം, ബോധനരീതി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സാമൂഹികരേഖയാണ് യഥാർഥത്തിൽ പാഠ്യപദ്ധതി.

പാഠ്യപദ്ധതിയെ സംബന്ധിച്ചുള്ള പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിന് ജനകീയമായ ചർച്ചകൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. സജീവമായ സംവാദങ്ങളും ചർച്ചകളും ഈ വിഷയത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന

ലക്ഷ്യം കൈവരിക്കുന്നതിന് സമയോചിതമായ പരിഷ്കാരങ്ങൾ അത്യന്താപേക്ഷിതമാണ്. അതിൽ ഏവരുടെയും സജീവമായ സാന്നിധ്യം ഉണ്ടാവേണ്ടതുമുണ്ട്. എന്നാൽ സാമൂഹികവും സാംസ്കാരികവും ധാർമികവുമായ മൂല്യച്യുതിയ്ക്ക് കാരണമാകുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾ വിളിച്ചു വരുത്താനിടയുള്ളതുമായ ലിബറൽ ചിന്താഗതികളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങൾ പ്രയോഗവൽക്കരിക്കാനുള്ള ആയുധങ്ങളാക്കി പാഠപുസ്തകങ്ങളെ മാറ്റാൻ നാം അനുവദിച്ചുകൂടാ.

**എന്താണ് ഒളിച്ചുകടത്തപ്പെടുന്ന ജെൻഡർ പൊളിറ്റിക്സ്?**

'ജെൻഡർ' (ലിംഗം) എന്നതിന് ശാസ്ത്രീയമായും ജൈവശാസ്ത്രപരമായും യാതൊരു അടിത്തറയുമില്ലെന്നും ഓരോരുത്തർക്കും അനുഭവപ്പെടുന്നതെന്തോ അതാണ് അവരുടെ ലിംഗമെന്നും അതിനെ സമൂഹം അംഗീകരിച്ച്, സ്വത്വപരികൽപന നൽകണമെന്നുമാണ് ജെൻഡർ പൊളിറ്റിക്സിന്റെ അടിസ്ഥാനം. ധാർമികമായ എല്ലാ അതിർവരമ്പുകളും ലംഘിച്ചുകൊണ്ട്; ആർക്കും ആരോടും, ഏത് ലിംഗത്തോടും, ഏത് പ്രായക്കാരോടും, ഏത് ജീവികളോടും തുടങ്ങി 'എന്തിനോടും' ലൈംഗികമായ അടുപ്പം സൃഷ്ടിച്ചെടുക്കാവുന്ന, കുത്തഴിഞ്ഞ ഒരു സമൂഹത്തെയാണ് ഇതിലൂടെ ഇതിന്റെ വക്താക്കൾ അറിഞ്ഞോ അറിയാതെയോ വാർത്തെടുക്കുവാൻ ശ്രമിക്കുന്നത്. മഴവിൽനിറം പകർന്ന LGBTQIA+ എന്ന ഹ്രസ്വനാമകരണത്തിൽ ഇതെല്ലാം എഴുതിച്ചേർത്തിട്ടുമുണ്ട്.

LGBTQIA+ എന്നതിലെ ഓരോ അക്ഷരവും പ്രതിനിധാനം ചെയ്യുന്നത് യഥാക്രമം ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ക്വീർ, ഇന്റർസെക്സ്, എസെക്ഷ്വൽ തുടങ്ങിയ അവസ്ഥകളെയാണ്. ഇതിൽ ഇനിയും അക്ഷരങ്ങൾ (സെക്സിന്റെ പുതിയ വേർഷനുകൾ) കടന്നുവന്നേക്കാം. അതാണ് + കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

പുരുഷന്റെയും സ്ത്രീയുടെയും രണ്ട് ലൈംഗികാവയവങ്ങൾ ഉള്ളവരാണ് 'ഇന്റർസെക്സ്' വിഭാഗം.ശരീരഘടനയനുസരിച്ച് പുരുഷനായ ഒരു വ്യക്തിക്ക് താൻ ഒരു സ്ത്രീയാണ് എന്ന ലൈംഗികവ്യക്തിത്വം തോന്നുന്നു; ശരീരഘടനയനുസരിച്ച് സ്ത്രീയായ ഒരാൾക്ക് താൻ പുരുഷനാണെന്ന് തോന്നുന്നു. ഇങ്ങനെയുള്ളവരെയാണ് 'ട്രാൻസ്ജെൻഡർ' എന്നു വിളിക്കുന്നത്. പുരുഷന്റെ ശരീരത്തിൽ സ്ത്രീയുടെ മനസ്സുമായും, സ്ത്രീ ശരീരത്തിൽ പുരുഷന്റെ മനസ്സുമായും ജീവിക്കുന്നവരാണിവർ. എന്നാൽ ട്രാൻസ്ജെൻഡർ ആയ വ്യക്തിക്ക് തന്റെ ലൈംഗികവ്യക്തിത്വത്തിനനുസരിച്ച് ശാരീരിക വ്യത്യാസങ്ങൾ കൂടി വന്നാൽ അവരെ 'ട്രാൻസ്സെക്ഷ്വൽ' എന്ന് വിളിക്കുന്നു. ഉദാഹരണ



**പാഠ്യപദ്ധതിയെ സംബന്ധിച്ചുള്ള പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിന് ജനകീയമായ ചർച്ചകൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. സജീവമായ സംവാദങ്ങളും ചർച്ചകളും ഈ വിഷയത്തിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സമയോചിതമായ പരിഷ്കാരങ്ങൾ അത്യന്താപേക്ഷിതമാണ്. അതിൽ ഏവരുടെയും സജീവമായ സാന്നിധ്യം ഉണ്ടാവേണ്ടതുമുണ്ട്. എന്നാൽ സാമൂഹികവും സാംസ്കാരികവും ധാർമികവുമായ മൂല്യച്യുതിയ്ക്ക് കാരണമാകുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾ വിളിച്ചു വരുത്താനിടയുള്ളതുമായ ലിബറൽ ചിന്താഗതികളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങൾ പ്രയോഗവൽക്കരിക്കാനുള്ള ആയുധങ്ങളാക്കി പാഠപുസ്തകങ്ങളെ മാറ്റാൻ നാം അനുവദിച്ചുകൂടാ.**

ത്തിന് ലിംഗവും വൃഷണവുമായി ജനിച്ച ഒരാൾക്ക് താൻ സ്ത്രീയാണ് എന്ന് തോന്നുമ്പോൾ അവർ ട്രാൻസ്ജെൻഡർ ആണ്. ഇതേ ട്രാൻസ്ജെൻഡർ തന്റെ ലിംഗം നീക്കം ചെയ്യുന്ന സർജറി ചെയ്താൽ അവരെ 'ട്രാൻസ്സെക്ഷ്വൽ' ആയി കണക്കാക്കുന്നു. ലൈംഗികാവയവങ്ങൾവഴി ഇന്ന ലിംഗം ആണെന്ന് വ്യക്തമാവാത്ത ആളുകളുണ്ട്. ഇവർക്ക് സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികാവയവങ്ങൾ ശരീരത്തിലുണ്ടാവാം, ഇവയുടെ പല വകഭേദങ്ങളുണ്ടാവാം, തീരെ ഇല്ലാതിരിക്കാം. ഇവരെയാണ് 'ഇന്റർസെക്ഷ്വൽ' എന്ന് പറയുന്നത്. ഇന്റർസെക്ഷ്വലുകളുടെ ലൈംഗികവ്യക്തിത്വം സ്ത്രീയുടെയോ പുരുഷന്റെയോ ഇത് രണ്ടും കലർന്നതോ ഒക്കെ ആവാം. പുരുഷനോട് ലൈംഗികാകർഷണം തോന്നുന്ന പുരുഷനാണ് 'ഗേ.' സ്ത്രീകളോട് ലൈംഗികാകർഷണം തോന്നുന്ന സ്ത്രീകളാണ് 'ലെസ്ബിയൻ.' സ്ത്രീകളോടും പുരുഷന്മാരോടും തുല്യമായി ലൈംഗികാകർഷണം തോന്നുന്നവരാണ് 'ബൈസെക്ഷ്വൽ.' ആരോടും ലൈംഗികാകർഷണം തോന്നാത്തവരാണ് 'അസെക്ഷ്വൽ.' ഇപ്പറഞ്ഞ ഏത് കാറ്റഗറിയിലാണ് വരുന്നത് എന്ന് സ്വയം നിർവചിക്കാനാവാത്തവരാണ് 'ക്വീർ.'

ഇങ്ങനെയുള്ളവരെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവന്ന്, പരിഗണനയർഹിക്കുന്നവരുടെ പ്രയാസങ്ങൾ ഉയർത്തിപ്പിടിച്ച്, അവയുടെ മറവിൽ അരാജകത്വ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമമാണ് ജെൻഡർ പൊളിറ്റിക്സ് മുന്നോട്ടുവയ്ക്കുന്നത്.

ഒരാൾ സ്വന്തമായി ഐഡന്റിഫൈ ചെയ്യുന്നു എന്നതിന്റെ പേരിൽ മാത്രം അയാളുടെ ലിംഗത്വം അംഗീകരിക്കപ്പെടണമെന്ന, യാതൊരു അടിസ്ഥാനവുമില്ലാത്ത ആശയങ്ങൾ, സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്നു. തനിക്ക് ഇഷ്ടമുള്ള ഏത് ലിംഗമായും പ്രഖ്യാപിക്കാവുന്ന അവസ്ഥ സാമൂഹികക്രമത്തെ തന്നെ തകിടംമറിക്കും. പട്ടിയായും പൂച്ചയായുംവരെ സ്വയം പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു കമ്യൂണിറ്റി വർധിച്ചുവരുന്നതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണ് ഇന്ന് പല പാശ്ചാത്യ നാടുകളിലും കണ്ടുകൊണ്ടിരിക്കുന്നത്.

**ഒരാൾ സ്വന്തമായി ഐഡന്റിഫൈ ചെയ്യുന്നു എന്നതിന്റെ പേരിൽ മാത്രം അയാളുടെ ലിംഗത്വം അംഗീകരിക്കപ്പെടണമെന്ന, യാതൊരു അടിസ്ഥാനവുമില്ലാത്ത ആശയങ്ങൾ, സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്നു. തനിക്ക് ഇഷ്ടമുള്ള ഏത് ലിംഗമായും പ്രഖ്യാപിക്കാവുന്ന അവസ്ഥ സാമൂഹികക്രമത്തെ തന്നെ തകിടംമറിക്കും. പട്ടിയായും പൂച്ചയായുംവരെ സ്വയം പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു കമ്യൂണിറ്റി വർധിച്ചുവരുന്നതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണ് ഇന്ന് പല പാശ്ചാത്യ നാടുകളിലും കണ്ടുകൊണ്ടിരിക്കുന്നത്.**

ഇത്തരം ആശയങ്ങൾ അടിച്ചേൽപിക്കുന്നത് എട്ടുംപൊട്ടും തിരിയാത്ത കുട്ടികളിലാണെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. വ്യക്തിത്വവും ലോകവീക്ഷണവും രൂപപ്പെടുത്തേണ്ടുന്ന ഈ കാലഘട്ടത്തിൽ, അശാസ്ത്രീയവും വസ്തുതാവിരുദ്ധവുമായ ആശയങ്ങളാണ് അവരിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിക്കുന്നത്. ഇത്തരം പരിഷ്കാരങ്ങൾ കുട്ടികൾക്കിടയിൽ വൻതോതിൽ സ്വത്വപ്രതിസന്ധികൾക്ക് വരെ കാരണമാകുന്നുണ്ടെന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നത് ഇതോടൊപ്പം ചേർത്തുവായിക്കണം.

### പാഠ്യപദ്ധതിയിലുള്ള പ്രധാന അപകടങ്ങൾ എന്തെല്ലാം?

'പുരോഗമനം' എന്ന ലേബലിൽ സത്യത്തെ അസത്യമായും അധർമത്തെ ധർമമായും അവതരിപ്പിക്കാൻ യാതൊരു പ്രയാസവുമില്ലാത്ത സമകാലിക സാഹചര്യത്തിൽ, പാഠപുസ്തകങ്ങളിൽ ഉൾചേർക്കപ്പെടുന്ന ആശയങ്ങൾ വിദ്യാർഥിമനസ്സുകളിൽ വികലമായ ചിന്താധാരകൾ രൂപപ്പെടുത്തുന്നതിന് കാരണമാവും. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പ്രഥമ കുറി





പ്പിൽ ജെൻഡർ ന്യൂട്രാലിറ്റി എന്ന് പ്രകടമായി പറയുകയും ജനകീയ ചർച്ചക്ക് നൽകിയ പ്രിൻറിൽ ജെൻഡർ സ്പെക്ട്രം എന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്ത 'ജെൻഡർ ന്യൂട്രാലിറ്റി' എന്ന ആശയംതന്നെ വലിയ ഒരു ഉദാഹരണമാണ്.

കേവലം ഏതെങ്കിലും ഒരു വസ്ത്രവുമായി ബന്ധപ്പെട്ട വിഷയമല്ല ഇത്; അതിനപ്പുറം കുട്ടികളിലും സമൂഹത്തിലും കുടുംബ സംവിധാനങ്ങളിലുംവരെ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ മാത്രം പ്രഹരശേഷിയുള്ള ഒന്നാണ്. ആണും പെണ്ണും തമ്മിലുള്ള സ്വാഭാവികവും പ്രകൃതിപരവുമായ വ്യതിരിക്തതകളെ ഇല്ലായ്മ ചെയ്യുകയും അതുവഴി 'ജെൻഡർ കൺഫ്യൂഷൻ' ഉള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുകയും ചെയ്യുന്ന അപകടകരമായ ആശയമാണിത്.

**തെളിവുകൾ**

എസ്.സി.ഇ.ആർ.ടി പുറത്തിറക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായി പുറത്തിറക്കിയ കുറിപ്പിൽ ഇത്തരം ആശയങ്ങൾ ഉൾചേർക്കപ്പെട്ടത് പരിശോധിക്കാം.

പേജ് 8ൽ പത്താമത്തെ പോയിന്റായി പറയുന്നു: "വിദ്യാസമ്പന്നമായ പ്രദേശത്തിന് ചേരാത്ത പല പ്രവണതകളും ഇപ്പോഴും നിലനിൽക്കുന്നു. ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ ഉളവാകാനാവശ്യമായ അംശങ്ങൾ പാഠ്യപദ്ധതിയിൽ വലിയതോതിൽ ഉണ്ടാകേണ്ടതുണ്ട്."

യഥാർഥത്തിൽ 'ലിംഗസമത്വം' എന്ന അശാസ്ത്രീയവും സാമൂഹിക സുസ്ഥിരതയെത്തന്നെ ബാധിക്കുന്നതുമായ ആശയമല്ല വേണ്ടത്, പകരം ആണിനും പെണ്ണിനും എല്ലായിടത്തും തുല്യനീതി ലഭിക്കുന്ന 'ലിംഗനീതി' അഥവാ 'ജെൻഡർ ജസ്റ്റിസ്' എന്ന നീതിയിലധിഷ്ഠിതമായ ആശയങ്ങളാണ് പാഠ്യപദ്ധതിയിൽ ഉണ്ടാകേണ്ടത്. ആണും പെണ്ണും ശാരീരികമായും മാനസികമായും മനഃശാസ്ത്രപരമായും സാമൂഹികമായുമെല്ലാം വ്യത്യസ്തതകളുള്ളവരാണ് എന്നിരിക്കെ, അവരെ ഒന്നാക്കുകയല്ല, മറിച്ച് ആ വ്യത്യസ്തതകളെ പരിഗണിച്ചുകൊണ്ട് തന്നെ പരസ്പര പൂരകങ്ങളായി വർത്തിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുക എന്നതാണ് യഥാർഥത്തിൽ സമൂഹത്തിന്റെ ബാധ്യത.

**യഥാർഥത്തിൽ 'ലിംഗസമത്വം' എന്ന അശാസ്ത്രീയവും സാമൂഹിക സുസ്ഥിരതയെത്തന്നെ ബാധിക്കുന്നതുമായ ആശയമല്ല വേണ്ടത്, പകരം ആണിനും പെണ്ണിനും എല്ലായിടത്തും തുല്യനീതി ലഭിക്കുന്ന 'ലിംഗനീതി' അഥവാ 'ജെൻഡർ ജസ്റ്റിസ്' എന്ന നീതിയിലധിഷ്ഠിതമായ ആശയങ്ങളാണ് പാഠ്യപദ്ധതിയിൽ ഉണ്ടാകേണ്ടത്. ആണും പെണ്ണും ശാരീരികമായും മാനസികമായും മനഃശാസ്ത്രപരമായും സാമൂഹികമായുമെല്ലാം വ്യത്യസ്തതകളുള്ളവരാണ് എന്നിരിക്കെ, അവരെ ഒന്നാക്കുകയല്ല, മറിച്ച് ആ വ്യത്യസ്തതകളെ പരിഗണിച്ചുകൊണ്ട് തന്നെ പരസ്പര പൂരകങ്ങളായി വർത്തിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുക എന്നതാണ് യഥാർഥത്തിൽ സമൂഹത്തിന്റെ ബാധ്യത.**

"പശ്ചാത്തല സൗകര്യവും സാങ്കേതികവിദ്യയും പരിചയപ്പെടുക എന്നതിനോടൊപ്പംതന്നെ പ്രധാനമാണ് യുക്തിചിന്ത വികസിപ്പിക്കാനും സർഗാത്മകത വളർത്താനും പഠനസങ്കേതങ്ങളെ ഉപയോഗപ്പെടുത്താനും കഴിയുക എന്നതും..." (പേജ് 8).

"യുക്തിപൂർവം ചിന്തിക്കാനും നീതിപൂർവകമായി പ്രവർത്തിക്കാനും പ്രാപ്തി നേടുന്നതിൽ വിദ്യാഭ്യാസം സഹായകമാകണം" (പേജ് 23, പോയിന്റ് 2).

കുട്ടികളിലെ സർഗാത്മകതയെ വളർത്തുന്നതോടൊപ്പം 'യുക്തിചിന്തയും' വികസിപ്പിക്കുവാനായി പഠന സങ്കേതങ്ങളെ ഉപയോഗപ്പെടുത്തുക എന്നത്, ഒരിക്കലും യുക്തിവാദവും (rationalism)) ഉദാരതാവാദവും (liberalism) പോലുള്ള ചിന്താമണ്ഡലങ്ങളിലേക്ക് വിദ്യാർഥികളെ എത്തിക്കുകയില്ലെന്ന് ഉറപ്പിക്കണം. 'യുക്തിചിന്ത' എന്നത് ഒരിക്കലും യുക്തിവാദത്തെ പ്രോത്സാഹിപ്പിക്കലാവാൻ പാടില്ല. പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തന്നെ ഇത്തരം ആശയങ്ങൾക്ക് പഴുതുകളും തുറവിയും നൽകിയാൽ, അത് കുട്ടികളിൽ ഒട്ടനവധി അധാർമിക പ്രവണതകൾക്ക് വഴിയൊരുക്കും.

'യുക്തിപൂർവം' ചിന്തിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന ഒന്നാവണം വിദ്യാഭ്യാസം എന്ന

ആശയം, ഒരിക്കലും ധാർമികത തൊട്ടുതീണ്ടാത്ത, അന്ധമായ മതവിമർശനം മാത്രം കൈമുതലാക്കിയ ആധുനിക യുക്തിവാദ ചിന്തകളിലേക്ക് കുട്ടികളെ വഴിനടത്തുന്നതാകരുത്.

"ലിംഗതുല്യത, ലിംഗനീതി എന്നിവ സംബന്ധിച്ച കേരളീയ സമൂഹത്തിന്റെ പൊതുബോധം വിമർശനപരമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. സ്ത്രീധനകൊലപാതകങ്ങളും അക്രമങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ഒറ്റപ്പെട്ട സംഭവങ്ങളല്ലാതായിട്ടുണ്ട്. ജെൻഡർ സ്പെക്ട്രത്തെക്കുറിച്ചുള്ള ധാരണകളും വികസിക്കുന്നില്ല. ഒരു വ്യക്തിയുടെ വളർച്ചയുടെ നിർണയഘട്ടത്തിൽ ഏറ്റവും കൂടുതൽ സമയം ചെലവിടുന്നത് സ്കൂൾ ക്യാമ്പസിലാണ്. ലിംഗനീതി, ലിംഗതുല്യത സംബന്ധിച്ച കാര്യങ്ങളും ലിംഗാവബോധവും കുട്ടികളിൽ വളർത്താൻ നിലവിലെ സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിലെ പരിമിതികൾ അഭിമുഖീകരിക്കേണ്ടതുണ്ട്. സ്കൂൾ പാഠപുസ്തകങ്ങൾ, പഠന-ബോധന രീതികൾ, സ്കൂൾ ക്യാമ്പസ്, കളിസ്ഥലം എന്നിവ ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതുണ്ട്. ഇതിനു സഹായകമായ രീതിശാസ്ത്രം എങ്ങനെ വികസിപ്പിക്കാൻ കഴിയും?" (പേജ് 20, പോയിന്റ് 28).

'ലിംഗതുല്യത' എന്ന പദം വീണ്ടും ആവർത്തിക്കപ്പെടുന്നു! എങ്ങനെയാണീ ലിംഗതുല്യത വരുത്തൽ? സ്കൂൾ അന്തരീക്ഷത്തിൽ ലിംഗനീതി ഉറപ്പുവരുത്തുകയും അതിനാവശ്യമായ ബോധവൽക്കരണം നൽകുകയുമല്ലേ ചെയ്യേണ്ടത്? അതിനെക്കുറിച്ചുള്ള അവബോധമല്ലേ കുട്ടികളിൽ ഉണ്ടാക്കേണ്ടത്? 'ജെൻഡർ സ്പെക്ട്ര'ത്തെക്കുറിച്ചുള്ള 'ധാരണ വികസിക്കാൻ' കുട്ടികളിൽ വികലമായ ലൈംഗികബോധം ഉണ്ടാക്കുന്ന പരാമർശങ്ങൾ പാഠപുസ്തകങ്ങളിൽ ഉണ്ടാവരുത്. LGBT-QIA+ എന്ന സ്പെക്ട്രത്തിൽ പരിഗണനയർഹിക്കുന്നവർക്ക് അവരുടെ അവകാശങ്ങൾ തീർച്ചയായും നൽകേണ്ടതുമുണ്ട്. എന്നാൽ, വ്യത്യസ്തമായ പരിഹാരമാർഗങ്ങൾ അവലംബിക്കേണ്ട ഇത്തരം അവസ്ഥകളെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയും, പരിഗണനയർഹിക്കുന്ന വിഭാഗങ്ങളുടെ പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി, തങ്ങളുടെതായ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് ജെൻഡർ പൊളിറ്റിക്സിന്റെ ഭാഗമായി ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.


**'ജെൻഡർ സ്പെക്ട്ര'ത്തെക്കുറിച്ചുള്ള 'ധാരണ വികസിക്കാൻ' കുട്ടികളിൽ വികലമായ ലൈംഗികബോധം ഉണ്ടാക്കുന്ന പരാമർശങ്ങൾ പാഠപുസ്തകങ്ങളിൽ ഉണ്ടാവരുത്. LGBT-QIA+ എന്ന സ്പെക്ട്രത്തിൽ പരിഗണനയർഹിക്കുന്നവർക്ക് അവരുടെ അവകാശങ്ങൾ തീർച്ചയായും നൽകേണ്ടതുണ്ട്. എന്നാൽ, വ്യത്യസ്തമായ പരിഹാരമാർഗങ്ങൾ അവലംബിക്കേണ്ട ഇത്തരം അവസ്ഥകളെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരികയും, പരിഗണനയർഹിക്കുന്ന വിഭാഗങ്ങളുടെ പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി, തങ്ങളുടെതായ അജണ്ടകൾ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് ജെൻഡർ പൊളിറ്റിക്സിന്റെ ഭാഗമായി ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.**

പേജ് 69ലും 'ലിംഗസമത്വത്തിന് പാഠ്യപദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട് എന്നു പറയുന്നു.

ലിംഗസമത്വത്തിനല്ല ലിംഗനീതിക്കാണ് പാഠപുസ്തകത്തിൽ ഊന്നൽ നൽകേണ്ടത് എന്ന് നേരത്തെ സൂചിപ്പിച്ചു. ശരിതെറ്റുകൾ വ്യവച്ഛേദിച്ചറിയാൻപോലും കഴിയാത്ത കുരുന്നുകളിൽ, ആണിനെയും പെണ്ണിനെയും തുല്യരായി കാണുന്ന 'ജെൻഡർ ന്യൂട്രൽ' സമീപനം, യൂണിഫോമുകളിലൂടെയും മറ്റും അടിച്ചേൽപിക്കുവാൻ പലരും വ്യഗ്രത കാണിക്കുമ്പോൾ, അവ സൃഷ്ടിക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ എന്തൊക്കെയെന്നുകൂടി ശാസ്ത്രീയമായി അപഗ്രഥിക്കാൻ തയ്യാറാക്കേണ്ടതുണ്ട്.

പേജ് 71ൽ, വീണ്ടും യുക്തിചിന്ത, ലിംഗാവബോധം, ആരോഗ്യകരമായ ലിംഗാവബോധം എന്നീ പ്രയോഗങ്ങൾ കടന്നുവരുന്നുണ്ട്. എന്താണ് ഇവ ഓരോന്നുംകൊ





ണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

**“ജെൻഡർ അഥവാ ലിംഗഭേദം എന്നത് സാമൂഹിക നിർമിതിയാണ്” (പേജ് 79, പോയിന്റ്1).**

‘ജെൻഡർ അഥവാ ലിംഗഭേദം എന്നത് സാമൂഹിക നിർമിതിയാണ്’ എന്ന പരാമർശം യഥാർഥത്തിൽ വിളിച്ചുപറയുന്നത് ഒരു വ്യക്തി ജനിക്കുമ്പോൾ ഉള്ള ലിംഗത്വം ആവണമെന്നില്ല അവൻ/അവൾ വളർന്ന് വരുമ്പോൾ എന്നും, അത് അവരുടെ സാമൂഹിക പരിസരവും അവനവന്റെ തോന്നലുകൾക്കുമനുസരിച്ച് മാറാവുന്ന ഒന്നാണെന്നുമാണ്. ആണിന് പെണ്ണായും പെണ്ണിന് ആണായുമൊക്കെ സ്വയം ‘ഐഡന്റിഫൈ’ ചെയ്യാമെന്ന് മാത്രമല്ല, യാതൊരു ജൈവശാസ്ത്ര അടിത്തറയും ഇല്ലാത്ത ഈ വാദം സമൂഹം അപ്പടി അംഗീകരിക്കുകയും ചെയ്യണമെന്നത്, നമ്മുടെ സാമൂഹിക കെട്ടുറപ്പിനെയും ഭദ്രതയെയും തന്നെ ബാധിക്കും എന്ന് നിസ്സംശയം പറയാനാവും.

**“..എല്ലാ ലിംഗവിഭാഗങ്ങളെയും (ജെൻഡർ സ്പെക്ട്രം) പരിഗണിച്ചാകണം ഇനിയുള്ള വിദ്യാഭ്യാസം” (പേജ് 79, പോയിന്റ് 2).**

എല്ലാ‘ജെൻഡർസ്പെക്രട’ത്തെയും പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസരീതി ഒരിക്കലും, സമൂഹത്തിൽ പരസ്പര പൂരകങ്ങളായി നിലകൊള്ളുന്ന ആൺ-പെൺ ലിംഗങ്ങളുടെ ‘എതിർവർഗ ലൈംഗിക സ്വാഭാവികത’ അഥവാ heteronormativtiy തകർക്കുന്നതാവരുത്.

> **‘ജെൻഡർ അഥവാ ലിംഗഭേദം എന്നത് സാമൂഹിക നിർമിതിയാണ്’ എന്ന പരാമർശം യഥാർഥത്തിൽ വിളിച്ചുപറയുന്നത് ഒരു വ്യക്തി ജനിക്കുമ്പോൾ ഉള്ള ലിംഗത്വം ആവണമെന്നില്ല അവൻ/അവൾ വളർന്ന് വരുമ്പോൾ എന്നും, അത് അവരുടെ സാമൂഹിക പരിസരവും അവനവന്റെ തോന്നലുകൾക്കുമനുസരിച്ച് മാറാവുന്ന ഒന്നാണെന്നുമാണ്. ആണിന് പെണ്ണായും പെണ്ണിന് ആണായുമൊക്കെ സ്വയം ‘ഐഡന്റിഫൈ’ ചെയ്യാമെന്ന് മാത്രമല്ല, യാതൊരു ജൈവശാസ്ത്ര അടിത്തറയും ഇല്ലാത്ത ഈ വാദം സമൂഹം അപ്പടി അംഗീകരിക്കുകയും ചെയ്യണമെന്നത്, നമ്മുടെ സാമൂഹിക കെട്ടുറപ്പിനെയും ഭദ്രതയെയും തന്നെ ബാധിക്കും എന്ന് നിസ്സംശയം പറയാനാവും.**

“വീടുകളിൽ കുട്ടികൾക്ക് ലിംഗവ്യത്യാസമില്ലാതെ പഠനം, കളികൾ, ജീവിതാനുഭവങ്ങൾ എന്നിവയിൽ പങ്കാളികളാകുന്നതിന് വേണ്ടത്ര അവസരം ലഭിക്കേണ്ടതല്ലേ?” (പേജ് 80, പോയിന്റ് 1).

“പാഠപുസ്തകങ്ങളിലെ ചിത്രങ്ങൾ, ഭാഷാപ്രയോഗം, ഉദാഹരണങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ നിലനിൽക്കുന്ന സാമൂഹിക അവസ്ഥ അതുപോലെ തുടരുന്നതിന് സഹായകമായ തരത്തിലാണ് പാഠപുസ്തകങ്ങൾ ഉൾപ്പെടെയുള്ള പഠനസാമഗ്രികൾ ഉള്ളത് എന്ന വിമർശനം ഉണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതല്ലേ?” (പേജ് 80, പോയിന്റ് 2).

“പുതിയ പാഠ്യപദ്ധതിയിൽ ലംഗനീതി, ലിംഗസമത്വാവബോധം എന്നിവ കുട്ടികളിൽ വികസിപ്പിക്കാൻ നൽകാനുള്ള നിർദേശങ്ങൾ എന്തെല്ലാം?” (പേജ് 80, പോയിന്റ് 8).

പഠനവും കളികളും ജീവിതാനുഭവങ്ങളും പാഠപുസ്തകങ്ങളിലെ പ്രയോഗങ്ങളുമെല്ലാം ‘ലിംഗവ്യത്യാസമില്ലാത്ത’ രൂപത്തിലാകുന്നതിലൂടെ വീണ്ടും ലിംഗസമത്വമെന്ന ആശയത്തിലേക്കാണ് എത്തിച്ചേരുന്നത്.

ആണിനും പെണ്ണിനും വ്യത്യസ്തമായ അസ്തിത്വവും വ്യക്തിത്വവുമാണുള്ളതെന്നിരിക്കെ, ആ വൈവിധ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അവർക്കുള്ള അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും അവരെ ബോധ്യപ്പെടുത്താൻ കഴിയുന്ന രൂപത്തിലാവണം പാഠ്യപദ്ധതി തയ്യാറാകേണ്ടത്.

**സർക്കാരിന്റെ കാഴ്ചപ്പാട് Heteronormaivtiy തകർക്കലാണോ?**

ജെൻഡർ ന്യൂട്രാലിറ്റിയും

**ജെൻഡർ ന്യൂട്രാലിറ്റിയും അനുബന്ധ സ്വതന്ത്ര കാഴ്ചപ്പാടുകളും കരിക്കുലത്തിൽ ഉൾപ്പെടുത്താനുള്ള സർക്കാരിന്റെ നീക്കം എതിർവർഗ ലൈംഗികതയാണ് സ്വാഭാവികമെന്ന വസ്തുതയെ പൊതുബോധത്തിൽനിന്നും ഇല്ലായ്മ ചെയ്യാനും ഇതല്ലാത്ത ലൈംഗികപരികൽപനകളും സ്വാഭാവികം തന്നെയാണ് എന്നും വരുത്തിത്തീർക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. ഇത്തരം ആശയങ്ങളെ പ്രയോഗതലത്തിൽ കൊണ്ടുവരാനാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം തന്നെ നടപ്പിലാക്കുന്നത്. ഇതിന്റെ പ്രധാന തെളിവ് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുകളുടെ മന്ത്രിയായ ഡോ. ആർ ബിന്ദുവിന്റെ ട്വീറ്റിലെ വരികളാണ്.**


അനുബന്ധ സ്വതന്ത്ര കാഴ്ചപ്പാടുകളും കരിക്കുലത്തിൽ ഉൾപ്പെടുത്താനുള്ള സർക്കാരിന്റെ നീക്കം എതിർവർഗ ലൈംഗികതയാണ് സ്വാഭാവികമെന്ന വസ്തുതയെ പൊതുബോധത്തിൽനിന്നും ഇല്ലായ്മ ചെയ്യാനും ഇതല്ലാത്ത ലൈംഗികപരികൽപനകളും സ്വാഭാവികം തന്നെയാണ് എന്നും വരുത്തിത്തീർക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. ഇത്തരം ആശയങ്ങളെ പ്രയോഗതലത്തിൽ കൊണ്ടുവരാനാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം തന്നെ നടപ്പിലാക്കുന്നത്.

ഇതിന്റെ പ്രധാന തെളിവ് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുകളുടെ മന്ത്രിയായ ഡോ. ആർ ബിന്ദുവിന്റെ ട്വീറ്റിലെ വരികളാണ്. അത് കാണുക:

“സമത്വവും സംവേദനക്ഷമതയുംകൊണ്ട് നിർവചിക്കപ്പെട്ട ഒരു പുതിയ കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഞങ്ങൾ. ഇത് നേടുന്നതിന് ആദ്യമായി സമൂഹത്തിന്റെ എതിർവർഗ ലൈംഗിക സ്വാഭാവികത പൊതുബോധത്തിന്റെ (Heteronormative) പ്രതീക്ഷകളുടെ ഭാരത്താൽ തടസ്സപ്പെടാത്ത ഒരു സ്വതന്ത്ര അന്തരീക്ഷത്തിൽ നമ്മുടെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രവേശന മാർഗം തുറന്നു കൊടുക്കണം.”

ഈ ആശയങ്ങൾ പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് പുറമെ, കുടുംബശ്രീയുടെ കീഴിൽ ജെൻഡർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന കൈപുസ്തകങ്ങളിലൂടെയും ജെൻഡർ ക്ലബ്ബുകളിലൂടെയും ‘ആരോഗ്യ പഠനസഹായി’ എന്ന ട്രെയിനിങ് മൊഡ്യൂളിലൂടെയും എൻ.എസ്.എസ് ക്യാമ്പിലേക്ക് നൽകിയ ‘സമദർശൻ’ മൊഡ്യൂളിലൂടെയുമെല്ലാം വളരെ ബോധപൂർവമായി പ്രസരിപ്പിക്കുന്നുണ്ട്.

ഇത്തരം വാദങ്ങളും ആശയങ്ങളും നടപ്പിലാക്കുന്നതുകൊണ്ട് സമൂഹത്തിന് ഒരുതരത്തിലുള്ള ഗുണവുമില്ല; എന്ന് മാത്രമല്ല, ദൂരവ്യാപകമായ ഒട്ടനേകം പ്രത്യാഘാതങ്ങളുണ്ട് താനും. ഇവ വർഷങ്ങൾക്കു മുമ്പ് നടപ്പിലാക്കിയ പാശ്ചാത്യരാജ്യങ്ങൾ ഇന്നനുഭവി



ക്കുന്ന ദുരന്തങ്ങൾ എന്തൊക്കെയെന്ന് പഠിച്ചറിയാൻ ഉത്തരവാദപ്പെട്ടവർ തയ്യാറാകേണ്ടതുണ്ട്.

അമേരിക്കയിലും യൂറോപ്യൻ നാടുകളിലും താൻ ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാത്ത, ജെൻഡർ കൺഫ്യൂഷനുള്ള കുട്ടികളുടെ എണ്ണം കുത്തനെ കൂടിക്കൊണ്ടിരിക്കുകയാണെന്ന് ആധികാരികമായ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട്, യൂണിഫോമിലൂടെയും കളിപ്പാട്ടങ്ങളിലൂടെയും ഒന്നിച്ചിരുത്തുന്നതിലൂടെയുമൊക്കെ ആണിനെയും പെണ്ണിനെയും തുല്യരാക്കാനുള്ള ശ്രമവും തങ്ങളുടെ തോന്നലുകൾക്കനുസരിച്ച് ഇഷ്ടമുള്ള ജെൻഡർ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകലുമൊക്കെ നമ്മുടെ കുട്ടികളിലേക്കെത്തുന്നത് നാം ചെറുക്കേണ്ടതുണ്ട്.

**ഈ ദൗത്യത്തിൽ നമ്മുടെ പങ്ക്?**

പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണത്തിന് വേണ്ടിയുള്ള ഒരുക്കത്തിലാണ് സർക്കാരും വിദ്യാഭ്യാസ വകുപ്പും. ഈ വിഷയത്തിൽ സ്കൂൾ, പഞ്ചായത്ത്, ബ്ലോക്ക്, ജില്ല തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെല്ലാം കേന്ദ്രീകരിച്ചുകൊണ്ട് വിവിധങ്ങളായ ചർച്ചകൾ നടത്തി പൊതുജനാഭിപ്രായം സ്വരൂപിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ.

ഈ ബൗദ്ധിക ചർച്ചയിൽ പൊതുജനങ്ങൾ, വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ മേഖലയെ ശ്രദ്ധിക്കുന്നവർ, മത, സാമൂഹിക, സാംസ്കാരിക നേതാക്കൾ തുടങ്ങി, എല്ലാവരും വളരെ ഗൗരവത്തോടെ പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങളും ആശങ്കകളും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യണം.

പാഠപുസ്തകങ്ങൾ ഇറങ്ങിയതിന് ശേഷം നമ്മുടെ കുട്ടികൾ പഠനം തുടങ്ങുന്ന സമയത്ത് പ്രശ്നങ്ങളുന്നയിച്ച് മുന്നോട്ടുവന്നതുകൊണ്ട് കാര്യമുണ്ടാവില്ല. പാഠ്യപദ്ധതി



പരിഷ്ക്കരണ ചർച്ചകൾ നടക്കുന്ന സന്ദർഭത്തിലാണ് അതാത് വേദികളിൽ നമ്മുടെ അഭിപ്രായങ്ങൾ പറയേണ്ടത്.

അതോടൊപ്പം, ജനങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദേശങ്ങളും അഭിപ്രായങ്ങളും കൃത്യമായി വിശകലനം ചെയ്യുകയും, ജനങ്ങൾക്ക് ആകുലതയുള്ള മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന, കൂടുതൽ പേർ അഭിപ്രായപ്പെടുന്ന കാര്യത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്ന രൂപത്തിൽ, ജനാധിപത്യപരമായി അഭിപ്രായങ്ങളെ ക്രോഡീകരിക്കാനുള്ള സംവിധാനങ്ങളും റിപ്പോർട്ടിങ് രീതികളും ഉണ്ടാകണം. അതല്ലാതെ പേരിനൊരു ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന അവസ്ഥ ഒരിക്കലും ഉണ്ടായിക്കൂടാ. ചർച്ചകൾക്ക് ശേഷം, ജനങ്ങൾ ഏറെ ആകുലപ്പെട്ടതുതന്നെ നടപ്പിലാക്കുകയും എല്ലാ നിർദേശങ്ങളും ഉൾപ്പെടുത്താൻ കഴിയില്ല എന്ന് പറയുകയും ചെയ്യുന്ന പ്രഹസനമായി ഇത് മാറരുത്.

ഭാവി തലമുറയുടെ നിലനിൽപിനെ തന്നെ ബാധിക്കുന്ന, നമ്മുടെ കുടുംബ സംവിധാനങ്ങളുടെ കേട്ടുറപ്പിനെ തകർക്കുന്ന പരിഷ്കാരങ്ങൾ പാഠപുസ്തകങ്ങളിലൂടെ നടപ്പിലാക്കാതിരിക്കാനുള്ള ജാഗ്രത ഈ അവസരത്തിൽ അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും കൈകൊള്ളണം. ■

**ജനങ്ങളിൽനിന്ന് ലഭിക്കുന്ന നിർദേശങ്ങളും അഭിപ്രായങ്ങളും കൃത്യമായി വിശകലനം ചെയ്യുകയും, ജനങ്ങൾക്ക് ആകുലതയുള്ള മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന, കൂടുതൽ പേർ അഭിപ്രായപ്പെടുന്ന കാര്യത്തിന് അർഹിക്കുന്ന പരിഗണന ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്ന രൂപത്തിൽ, ജനാധിപത്യപരമായി അഭിപ്രായങ്ങളെ ക്രോഡീകരിക്കാനുള്ള സംവിധാനങ്ങളും റിപ്പോർട്ടിങ് രീതികളും ഉണ്ടാകണം. അതല്ലാതെ പേരിനൊരു ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന അവസ്ഥ ഒരിക്കലും ഉണ്ടായിക്കൂടാ. ചർച്ചകൾക്ക് ശേഷം, ജനങ്ങൾ ഏറെ ആകുലപ്പെട്ടതുതന്നെ നടപ്പിലാക്കുകയും എല്ലാ നിർദേശങ്ങളും ഉൾപ്പെടുത്താൻ കഴിയില്ല എന്ന് പറയുകയും ചെയ്യുന്ന പ്രഹസനമായി ഇത് മാറരുത്.**




വിധി തേടുന്ന ഹിജാബും കോടതിയിലെ വാദങ്ങളും - 2

# എസെൻഷ്യൽ റിലീജിയസ് പ്രാക്ടീസ്:
## വാദവും മറുവാദവും

സുഫ്‌യാൻ അബ്ദുസ്സലാം
✆ : 81296 17676

മതവിശ്വാസത്തിന്റെ ഭാഗമായി ഒരാൾ തല മറയ്ക്കുകയാണെങ്കിൽ അതിനുമേൽ സർക്കാറിന് വിലക്കോ നിയന്ത്രണമോ കൊണ്ടുവരാൻ സാധിക്കില്ലെന്നും ഭരണഘടനയുടെ 25ാം അനുച്ഛേദം പൗരന് അതിനുള്ള അവകാശം നൽകിയിട്ടുണ്ടെന്നും കേരളം, മദ്രാസ് ഹൈക്കോടതികൾ ഇക്കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് വിധി നടത്തിയിട്ടുണ്ടെന്നും സമർഥിച്ചുകൊണ്ട് ദേവദത്ത് കാമത്ത് വാദം പൂർത്തിയാക്കിയപ്പോൾ തുടർന്ന് കോടതിക്ക് മുമ്പാകെ ഹാജരായത് സീനിയർ അഭിഭാഷകൻ നിസാം പാഷയായിരുന്നു. ശിരോവസ്ത്രം മതത്തിന്റെ അവിഭാജ്യ കർമം (Essential Religious Practice) ആണെന്ന സമർഥനമായിരുന്നു പ്രധാനമായും അദ്ദേഹത്തിന്റെ വാദങ്ങളിൽ മുഴച്ചുനിന്നത്.

**നിസാം പാഷയുടെ വാദങ്ങൾ:**

### ശിരൂർ മഠം കേസ് വിധിയും ഇ.ആർ.പിയും

കർണാടക ഹൈക്കോടതിയുടെ വിധിയിലെ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം 'തലമറയ്ക്കൽ ഇസ്‌ലാമിലെ നിർബന്ധ ആചാരമല്ല' എന്നതായിരുന്നു. പ്രസ്തുത വിഷയത്തിലാണ് നിസാം പാഷ വാദം തുടങ്ങിയത്. 1954 ലെ ശിരൂർ മഠം കേസിലെ വിധിയാണ് അദ്ദേഹം

**കർണാടക ഹൈക്കോടതിയുടെ വിധിയിലെ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം 'തലമറയ്ക്കൽ ഇസ്‌ലാമിലെ നിർബന്ധ ആചാരമല്ല' എന്നതായിരുന്നു. പ്രസ്തുത വിഷയത്തിലാണ് നിസാം പാഷ വാദം തുടങ്ങിയത്. 1954 ലെ ശിരൂർ മഠം കേസിലെ വിധിയാണ് അദ്ദേഹം പ്രധാനമായും അവലംബമാക്കിയത്. മഠത്തിന്റെ പണം കൈകാര്യം ചെയ്യുന്ന രീതി സംബന്ധിച്ചുള്ള തർക്കം സുപ്രീം കോടതിയിൽ എത്തി. അനുച്ഛേദം 26 ആ പ്രകാരം 'മതപരമായ പ്രവർത്തനങ്ങളെ ഭരിക്കുന്നതിനുള്ള അവകാശം' (right to manage its own affairs in matters of religion) എന്നതിൽ പണവും ഉൾപ്പെടുന്നുണ്ടോ എന്നാണ് കോടതി പരിശോധിച്ചത്. മതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മതത്തിന്റെ അവിഭാജ്യ ഘടകങ്ങൾ ആയിക്കൊള്ളണമെന്നില്ല എന്നായിരുന്നു അറ്റോർണി ജനറലിന്റെ വാദം. എന്നാൽ സുപ്രീം കോടതി അത് അംഗീകരിച്ചില്ല. 'ഒരു മതത്തിന്റെ തത്ത്വസംഹിതകൾ മാത്രം ആധാരമാക്കിയാണ് പരാമർശവിധേയമായ ആചാരമോ രീതിയോ ആ മതത്തിന്റെ അനിവാര്യമായ ഭാഗമാണോ എന്ന് കണ്ടെത്തേണ്ടത്' എന്നായിരുന്നു സുപ്രീം കോടതി വ്യക്തമാക്കിയത്. 1961 ലെ അജ്മീർ ദർഗ കേസിൽ ജസ്റ്റിസ് ഗജേന്ദ്രഗഡ്കർ നേതൃത്വം നൽകിയ അഞ്ചംഗ ബെഞ്ചിന്റെ വിധിന്യായത്തിലും സുപ്രീം കോടതി ഇക്കാര്യം പരാമർശിച്ചിട്ടുണ്ടെന്ന് പാഷ ഓർമിപ്പിച്ചു.**

പ്രധാനമായും അവലംബമാക്കിയത്. മഠത്തിന്റെ പണം കൈകാര്യം ചെയ്യുന്ന രീതി സംബന്ധിച്ചുള്ള തർക്കം സുപ്രീം കോടതിയിൽ എത്തി. അനുച്ഛേദം 26 ആ പ്രകാരം 'മതപരമായ പ്രവർത്തനങ്ങളെ ഭരിക്കുന്നതിനുള്ള അവകാശം' (right to manage its own affairs in matters of religion) എന്നതിൽ പണവും ഉൾപ്പെടുന്നുണ്ടോ എന്നാണ് കോടതി പരിശോധിച്ചത്. മതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മതത്തിന്റെ അവിഭാജ്യ ഘടകങ്ങൾ ആയിക്കൊള്ളണമെന്നില്ല എന്നായിരുന്നു അറ്റോർണി ജനറലിന്റെ വാദം. എന്നാൽ സുപ്രീം കോടതി അത് അംഗീകരിച്ചില്ല. 'ഒരു മതത്തിന്റെ തത്ത്വസംഹിതകൾ മാത്രം ആധാരമാക്കിയാണ് പരാമർശവിധേയമായ ആചാരമോ രീതിയോ ആ മതത്തിന്റെ അനിവാര്യമായ ഭാഗമാണോ എന്ന് കണ്ടെത്തേണ്ടത്' എന്നായിരുന്നു സുപ്രീം കോടതി വ്യക്തമാക്കിയത്. 1961 ലെ അജ്മീർ ദർഗ കേസിൽ ജസ്റ്റിസ് ഗജേന്ദ്രഗഡ്കർ നേതൃത്വം നൽകിയ അഞ്ചംഗ ബെഞ്ചിന്റെ വിധിന്യായത്തിലും സുപ്രീം കോടതി ഇക്കാര്യം പരാമർശിച്ചിട്ടുണ്ടെന്ന് പാഷ ഓർമിപ്പിച്ചു. ബിജോയ് ഇമ്മാനുവൽ ദേശീയഗാന കേസിൽ മനഃസാക്ഷിക്ക് വിധേയമായി പുലർത്തുന്ന ഏതൊരു വിശ്വാസവും സംരക്ഷിക്കേണ്ടതുണ്ടെന്ന് സുപ്രീംകോടതി നിരീക്ഷിച്ചതും അദ്ദേഹം എടുത്തുപറഞ്ഞു. മതപ്രമാണങ്ങൾ വ്യാഖ്യാനിക്കേണ്ടത് കോടതികളല്ല, മറിച്ച് അതാത് മതങ്ങളുടെ ആധികാരിക പണ്ഡിതരാണെന്നും കോടതികൾ മതപ്രമാണങ്ങൾ വ്യാഖ്യാനിക്കാൻ പാടില്ലെന്ന് ബാബരി വിധിയിൽ സുപ്രീംകോടതി വ്യക്തമാക്കിയതും അദ്ദേഹം കോടതിയെ ഓർമിപ്പിച്ചു.



### കർണാടക കോടതിയുടെ ഖുർആൻ ദുർവ്യാഖ്യാനങ്ങൾ

ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മുഹമ്മദൻ ലോയിൽ




ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നിവയാണ് ഇസ്‌ലാമിക നിയമങ്ങളുടെ സ്രോതസ്സുകളായി അംഗീകരിച്ചിട്ടുള്ളത്. കർണാടക ഹൈക്കോടതി ഖുർആനിക വചനങ്ങളെ അസ്ഥാനത്താണ് ഉദ്ധരിച്ചത്. ശിരോവസ്ത്രം നിർബന്ധമല്ലെന്ന് സ്ഥാപിക്കാനായി 'ലാ ഇക്റാഹ ഫിദ്ദീനി' (മതത്തിൽ ബലാത്കാരമില്ല) എന്ന വചനത്തെ മതത്തിൽ നിർബന്ധമായ യാതൊന്നുമില്ലെന്ന വിധത്തിൽ വ്യാഖ്യാനിക്കാനാണ് കോടതി ശ്രമിച്ചത്. ഖുർആനിലെ ഏത് വചനമാണ് ശിരോവസ്ത്രം നിർബന്ധമാണെന്ന് വ്യക്തമാക്കുന്നതെന്ന് ജസ്റ്റിസ് ധൂലിയ പാഷയോട് ചോദിച്ചു. സൂറത്തുന്നൂറിലെ (അധ്യായം 24) 31ാം വചനം പാഷ ഉദ്ധരിച്ചു. തലയും മാറിടവും മറയുന്ന വിധത്തിലുള്ള വസ്ത്രത്തെ 'ഖിമാർ' എന്നാണ് അവിടെ ഖുർആൻ വിശേഷിപ്പിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇസ്‌ലാമിൽ ഒന്നും നിർബന്ധമില്ല എന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ തെറ്റാണ്; ഏകദൈവവിശ്വാസം, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവ ഇസ്‌ലാമിലെ നിർബന്ധകാര്യങ്ങളാണ്. ഏകദൈവത്വം എന്ന വിശ്വാസം ഇല്ലെങ്കിൽ മറ്റു നാല് പ്രവൃത്തികൾ അർഥശൂന്യമാണ്. ഖുർആൻ അല്ലാഹുവിന്റെ വചനങ്ങൾ ആണെന്നിരിക്കെ, അതിനെ കുറിച്ച് മനുഷ്യന് രണ്ടാമതൊരു വ്യാഖ്യാനം പാടുള്ളതല്ല. അല്ലാഹുവിന്റെ വചനങ്ങൾ പരമോന്നതമാണ്. ജസ്റ്റിസ് ഗുപ്തയും ജസ്റ്റിസ് ധൂലിയയും അവർക്ക് മനസ്സിലാവാത്ത ഖുർആനിലെ ചില സാങ്കേതിക പദങ്ങളെ കുറിച്ച് അഡ്വ. പാഷയോട് ചോദിച്ചു മനസ്സിലാക്കി. ശരീരം മുഴുവൻ മറയുന്ന വസ്ത്രത്തെയാണ് 'ജിൽബാബ്' എന്ന് പറയുന്നതെന്നും ബുർഖ അതിന്റെ പേർഷ്യൻ പദമാണെന്നും പാഷ വ്യക്തമാക്കിക്കൊടുത്തു.

### യൂസഫലിയുടെ വ്യാഖ്യാനവും തെറ്റിദ്ധരിപ്പിക്കലും

ഖുർആനിലെ സൂറത്തുൽ അഹ്സാബിലെ (അധ്യായം 31) 59ാം വചനത്തിന് അല്ലാമാ യൂസുഫലി നൽകിയ ഇംഗ്ലീഷ് പരിഭാഷയിൽ അദ്ദേഹം നൽകിയ 3767ാം അടിക്കുറിപ്പിൽ 'ഒരു മുസ്‌ലിം സ്ത്രീ ആത്മാർഥമായി ഹിജാബ് നിയമം പാലിക്കാൻ ശ്രമിച്ചിട്ടും മാനുഷിക ബലഹീനതകൾ കാരണം പരാജയപ്പെടുകയാണെങ്കിൽ, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാണ്' എന്ന് രേഖപ്പെ

> **കർണാടക ഹൈക്കോടതി ഖുർആനിക വചനങ്ങളെ അസ്ഥാനത്താണ് ഉദ്ധരിച്ചത്. ശിരോവസ്ത്രം നിർബന്ധമല്ലെന്ന് സ്ഥാപിക്കാനായി 'ലാ ഇക്റാഹ ഫിദ്ദീനി' (മതത്തിൽ ബലാത്കാരമില്ല) എന്ന വചനത്തെ മതത്തിൽ നിർബന്ധമായ യാതൊന്നുമില്ലെന്ന വിധത്തിൽ വ്യാഖ്യാനിക്കാനാണ് കോടതി ശ്രമിച്ചത്. ഖുർആനിലെ ഏത് വചനമാണ് ശിരോവസ്ത്രം നിർബന്ധമാണെന്ന് വ്യക്തമാക്കുന്നതെന്ന് ജസ്റ്റിസ് ധൂലിയ പാഷയോട് ചോദിച്ചു. സൂറത്തുന്നൂറിലെ (അധ്യായം 24) 31ാം വചനം പാഷ ഉദ്ധരിച്ചു. തലയും മാറിടവും മറയുന്ന വിധത്തിലുള്ള വസ്ത്രത്തെ 'ഖിമാർ' എന്നാണ് അവിടെ ഖുർആൻ വിശേഷിപ്പിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇസ്‌ലാമിൽ ഒന്നും നിർബന്ധമില്ല എന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ തെറ്റാണ്; ഏകദൈവവിശ്വാസം, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവ ഇസ്‌ലാമിലെ നിർബന്ധകാര്യങ്ങളാണ്. ഏകദൈവത്വം എന്ന വിശ്വാസം ഇല്ലെങ്കിൽ മറ്റു നാല് പ്രവൃത്തികൾ അർഥശൂന്യമാണ്. ഖുർആൻ അല്ലാഹുവിന്റെ വചനങ്ങൾ ആണെന്നിരിക്കെ, അതിനെ കുറിച്ച് മനുഷ്യന് രണ്ടാമതൊരു വ്യാഖ്യാനം പാടുള്ളതല്ല. അല്ലാഹുവിന്റെ വചനങ്ങൾ പരമോന്നതമാണ്.**

ടുത്തിയതിനെ ഉദ്ധരിച്ചുകൊണ്ട് ഹൈക്കോടതി ശിരോവസ്ത്രം നിർബന്ധമല്ലെന്ന് വ്യാഖ്യാനിക്കാൻ ശ്രമിച്ചതും പാഷ ചൂണ്ടിക്കാട്ടി. ജിൽബാബ് എന്ന ശരീരം മുഴുവൻ മറയുന്ന വസ്ത്രത്തെ കുറിച്ച് നൽകിയ അടിക്കുറിപ്പ് ശിരോവസ്ത്രം നിർബന്ധമല്ലെന്ന് സ്ഥാപിക്കാനാണ് കോടതി ഉദ്ധരിച്ചത്. ശിരോവസ്ത്രം ധരിക്കാത്തവർക്ക് ഭൂമിയിൽ ശിക്ഷ ക്വുർആൻ പറഞ്ഞിട്ടില്ല എന്നും അതിൽനിന്നും അത് നിർബന്ധമല്ല എന്ന് മനസ്സിലാക്കാമെന്നുമുള്ള തെറ്റായ വായനയാണ് ഹൈക്കോടതി നടത്തിയിരിക്കുന്നത്. ദൈവത്തോടുള്ള എല്ലാ അനുസരണമില്ലായ്മക്കും ഭൂമിയിൽ ശിക്ഷയില്ല. എന്നാൽ മരണാനന്തരം പരലോകത്ത് അതിന് ശിക്ഷയുണ്ട് എന്നാണ് ഇസ്‌ലാമിക വിശ്വാസമെന്ന് പാഷ ചൂണ്ടിക്കാട്ടി.

**ശിരോവസ്ത്രം കേവലം സമ്പ്രദായമോ?**

ശിരോവസ്ത്രം ഒരു മതനിയമല്ല, അതൊരു സാംസ്‌കാരിക സമ്പ്രദായം മാത്രമാണ് എന്നാണ് ഹൈക്കോടതിയുടെ മറ്റൊരു കണ്ടെത്തൽ. ക്വുർആനിക വചനങ്ങൾ അവതരിക്കപ്പെട്ട പശ്ചാത്തലം മനസ്സിലാക്കാതെയുള്ള പരാമർശങ്ങളാണിത്. മറ്റു കാര്യങ്ങളെ കുറിച്ച് പറഞ്ഞതിനെ ഹിജാബിലേക്ക് ചേർക്കാനുള്ള ശ്രമവും നടത്തിക്കാണുന്നു. ക്വുർആൻ കാലാതിവർത്തിയാണെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. കാലം പഴകുന്നതിനനുസരിച്ച് ക്വുർആന്റെ അർഥം നഷ്ടപ്പെടുന്നുവെന്ന് പറയുന്നത് ദൈവനി

**ക്വുർആനിലെ സൂറത്തുൽ അഹ്സാബിലെ (അധ്യായം 31) 59ാം വചനത്തിന് അല്ലാമാ യൂസുഫലി നൽകിയ ഇംഗ്ലീഷ് പരിഭാഷയിൽ അദ്ദേഹം നൽകിയ 3767ാം അടിക്കുറിപ്പിൽ 'ഒരു മുസ്‌ലിം സ്ത്രീ ആത്മാർഥമായി ഹിജാബ് നിയമം പാലിക്കാൻ ശ്രമിച്ചിട്ടും മാനുഷിക ബലഹീനതകൾ കാരണം പരാജയപ്പെടുകയാണെങ്കിൽ, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാണ്' എന്ന് രേഖപ്പെടുത്തിയതിനെ ഉദ്ധരിച്ചുകൊണ്ട് ഹൈക്കോടതി ശിരോവസ്ത്രം നിർബന്ധമല്ലെന്ന് വ്യാഖ്യാനിക്കാൻ ശ്രമിച്ചതും പാഷ ചൂണ്ടിക്കാട്ടി. ജിൽബാബ് എന്ന ശരീരം മുഴുവൻ മറയുന്ന വസ്ത്രത്തെ കുറിച്ച് നൽകിയ അടിക്കുറിപ്പ് ശിരോവസ്ത്രം നിർബന്ധമല്ലെന്ന് സ്ഥാപിക്കാനാണ് കോടതി ഉദ്ധരിച്ചത്. ശിരോവസ്ത്രം ധരിക്കാത്തവർക്ക് ഭൂമിയിൽ ശിക്ഷ ക്വുർആൻ പറഞ്ഞിട്ടില്ല എന്നും അതിൽനിന്നും അത് നിർബന്ധമല്ല എന്ന് മനസ്സിലാക്കാമെന്നുമുള്ള തെറ്റായ വായനയാണ് ഹൈക്കോടതി നടത്തിയിരിക്കുന്നത്. ദൈവത്തോടുള്ള എല്ലാ അനുസരണമില്ലായ്മക്കും ഭൂമിയിൽ ശിക്ഷയില്ല. എന്നാൽ മരണാനന്തരം പരലോകത്ത് അതിന് ശിക്ഷയുണ്ട് എന്നാണ് ഇസ്‌ലാമിക വിശ്വാസമെന്ന് പാഷ ചൂണ്ടിക്കാട്ടി.**

ന്ദയാണ്; പാഷ വ്യക്തമാക്കി. വ്യാഖ്യാനം പറയുന്നവരെ വിട്ടേക്കുക; അവർ അവരുടെ അഭിപ്രായമല്ലേ പറയുന്നത് എന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞപ്പോൾ, ആരെങ്കിലുമല്ല നമ്മുടെ ന്യായാധിപരാണ് ഇങ്ങനെയെല്ലാം പറയുന്നതെന്ന് പാഷ മറുപടി നൽകി. പ്രവാചകൻ ശിരോവസ്ത്രം നിർബന്ധമാണെന്ന് പറയുകയും പ്രവാചകനെ അനുസരിക്കാൻ നിർബന്ധമാണെന്ന് പറയുകയും ചെയ്യുമ്പോൾ ഒരു മുസ്‌ലിം സ്ത്രീക്ക് അത് ഒഴിവാക്കാൻ സാധിക്കില്ലെന്ന് പാഷ കോടതിയെ ബോധ്യപ്പെടുത്തി. മാത്രവുമല്ല വിശ്വാസത്തിന് ഏറെ പ്രാധാന്യം നൽകുന്ന വിദ്യാർഥിനികൾ ഇതുകാരണം പഠനം ഉപേക്ഷിക്കേണ്ടി വന്നാൽ അത് ഭരണഘടനയുടെ 59ാം അനുച്ഛേദത്തിന്റെ ലംഘനമായിത്തീരുകയും ചെയ്യും.

ശിരോവസ്ത്രവുമായി ബന്ധപ്പെട്ട ക്വുർആൻ വചനങ്ങൾക്ക് മുഹമ്മദ് മുഹ്സിൻ ഖാൻ നൽകിയ പരിഭാഷയെ സൗകര്യപൂർവം ഹൈക്കോടതി അവഗണിച്ചതായും അദ്ദേഹം പറഞ്ഞു. അത്ര തന്നെ വ്യക്തമല്ലാത്ത അബ്ദുല്ല യൂസുഫ് അലിയെ ഉദ്ധരിക്കാൻ ഹൈക്കോടതിയെ പ്രേരിപ്പിച്ചത് അതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. ക്വുർആനിൽ പറഞ്ഞതെല്ലാം നിർബന്ധമാണെന്ന് കരുതാൻ സാധിക്കില്ലെന്നു പറഞ്ഞ് അതിന് ഉദാഹരണമായി മുത്ത്വലാക്വിനെ കോടതി ഉദ്ധരിക്കുകയും ചെയ്തു. എന്നാൽ മുത്ത്വലാക്വിനെ കുറിച്ച് ക്വുർആനിലോ ഹദീസിലോ ഒരു പരാമർശവുമില്ല.

**മുസ്‌ലിം വേഷങ്ങളോട് മാത്രം വിവേചനം**

സിഖ് സമൂഹം ധരിക്കുന്ന ശിരോവസ്ത്രം മതപരമല്ല; അത് സാംസ്‌കാരികമാണെന്നാണ് ജസ്റ്റിസ് ഗുപ്ത ഇവിടെ പറഞ്ഞത്.

ന്യൂനപക്ഷങ്ങളുടെ സാംസ്‌കാരിക ആചാരങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നാണ് ഭരണഘടനയുടെ അനുച്ഛേദം 29(1) വ്യക്തമാക്കുന്നത്. കൃപാൺ ധരിക്കാനുള്ള അവകാശം ഭരണഘടനയിൽ പ്രത്യേകം എഴുതിവച്ചിട്ടുണ്ടെന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാണിച്ചപ്പോൾ അത് കൃപാണിന്റെ കാര്യത്തിൽ മാത്രമേയു



ള്ളൂവെന്നും സിഖുകാർ ധരിക്കുന്ന തലക്കെട്ട്, കരാ തുടങ്ങിയവയുടെ കാര്യത്തിൽ ഇല്ലെന്നും എന്നാൽ അവയെല്ലാം സിഖ് സമൂഹത്തിന് അനുവദിച്ചുകൊടുത്തിട്ടുള്ളത് 29(1) അനുസരിച്ചാണെന്നും അത് മുസ്‌ലിം സമൂഹത്തിനും അവകാശപ്പെട്ടതാണെന്നും പാഷ ചൂണ്ടിക്കാട്ടി. എന്നാൽ ഇരു ന്യായാധിപരും സിഖുകാരുടെ വിഷയം ഇതിലേക്ക് കൊണ്ടുവരേണ്ടതില്ല എന്ന് ആവർത്തിച്ചു പറയുന്നുണ്ടായിരുന്നു. താൻ പഠിച്ച സ്കൂളിൽ വന്നിരുന്ന സിഖ് ആൺകുട്ടികൾ എല്ലാവരും യൂണിഫോമിനോട് ചേരുന്ന തരത്തിലുള്ള തലക്കെട്ട് ധരിച്ചിരുന്ന കാര്യവും പാഷ അനുസ്മരിച്ചു. ഫ്രാൻസിൽ സിഖ് വിദ്യാർഥികളോട് ശിരോവസ്ത്രം അഴിച്ചുവയ്ക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് സിഖ് സമൂഹം അനുഭവിച്ച അവഹേളനവും പാഷ ഓർമിപ്പിച്ചു. ഫ്രാൻസും ആസ്ത്രിയയും മറ്റും ഇവിടെ കൊണ്ടുവരേണ്ട, നാം ഇന്ത്യക്കാരാണ് എന്നായിരുന്നു ബെഞ്ചിന്റെ പ്രതികരണം.

**യൂസുഫ് മുച്ചാല: വിദ്യാഭ്യാസം അവകാശമാണ്; അത് നിഷേധിക്കരുത്**

മുംബൈയിലെ അറിയപ്പെടുന്ന നിയമജ്ഞനും സീനിയർ അഭിഭാഷകനുമായ യൂസുഫ് മുച്ചാലയാണ് പിന്നീട് വാദങ്ങൾ അവതരിപ്പിച്ചത്. വിദ്യാർഥിനികൾ നേരത്തെ ശിരോവസ്ത്രം ധരിച്ചിരുന്നില്ല എന്ന വാദത്തെ ഖണ്ഡിച്ചുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്. ശിരോവസ്ത്രം തങ്ങളുടെ മതവിശ്വാസത്തിന്റെ ഭാഗമാണെന്ന് കരുതിവരുന്ന വിദ്യാർഥിനികൾ വളരെക്കാലമായി അത് ധരിച്ചുകൊണ്ടാണ് വിദ്യാലയങ്ങളിൽ വരുന്നത്. അക്കാര്യം പ്രതിഭാഗം അവരുടെ വാദങ്ങളിൽ നിഷേധിച്ചിട്ടുമില്ല. എന്നാൽ ഹൈക്കോടതി വിധിയിൽ ഹർജിക്കാർ ഇങ്ങനെയൊരു കാര്യം ഉന്നയിച്ചിട്ടില്ലെന്ന് നിഷേധിക്കുകയാണ് ചെയ്തത്. ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ വിദ്യാലയങ്ങളിലേക്കുള്ള പ്രവേശനവും വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ട കാര്യം ഹർജിക്കാർ അവ

**ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക ആചാരങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട് എന്നാണ് ഭരണഘടനയുടെ അനുച്ഛേദം 29(1) വ്യക്തമാക്കുന്നത്. കൃപാൺ ധരിക്കാനുള്ള അവകാശം ഭരണഘടനയിൽ പ്രത്യേകം എഴുതിവച്ചിട്ടുണ്ടെന്ന് ജസ്റ്റിസ് ഗുപ്ത ചൂണ്ടിക്കാണിച്ചപ്പോൾ അത് കൃപാണിന്റെ കാര്യത്തിൽ മാത്രമേയുള്ളൂവെന്നും സിഖുകാർ ധരിക്കുന്ന തലക്കെട്ട്, കരാ തുടങ്ങിയവയുടെ കാര്യത്തിൽ ഇല്ലെന്നും എന്നാൽ അവയെല്ലാം സിഖ് സമൂഹത്തിന് അനുവദിച്ചുകൊടുത്തിട്ടുള്ളത് 29(1) അനുസരിച്ചാണെന്നും അത് മുസ്‌ലിം സമൂഹത്തിനും അവകാശപ്പെട്ടതാണെന്നും പാഷ ചൂണ്ടിക്കാട്ടി. എന്നാൽ ഇരു ന്യായാധിപരും സിഖുകാരുടെ വിഷയം ഇതിലേക്ക് കൊണ്ടുവരേണ്ടതില്ല എന്ന് ആവർത്തിച്ചു പറയുന്നുണ്ടായിരുന്നു. താൻ പഠിച്ച സ്കൂളിൽ വന്നിരുന്ന സിഖ് ആൺകുട്ടികൾ എല്ലാവരും യൂണിഫോമിനോട് ചേരുന്ന തരത്തിലുള്ള തലക്കെട്ട് ധരിച്ചിരുന്ന കാര്യവും പാഷ അനുസ്മരിച്ചു. ഫ്രാൻസിൽ സിഖ് വിദ്യാർഥികളോട് ശിരോവസ്ത്രം അഴിച്ചുവയ്ക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് സിഖ് സമൂഹം അനുഭവിച്ച അവഹേളനവും പാഷ ഓർമിപ്പിച്ചു. ഫ്രാൻസും ആസ്ത്രിയയും മറ്റും ഇവിടെ കൊണ്ടുവരേണ്ട, നാം ഇന്ത്യക്കാരാണ് എന്നായിരുന്നു ബെഞ്ചിന്റെ പ്രതികരണം**

> **25(1), 19(1), 21 എന്നീ അനുച്ഛേദങ്ങൾ നൽകുന്ന മൗലികാവകാശങ്ങൾ മുഴുവനും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. വിദ്യാലയത്തിൽ യൂണിഫോമിറ്റി വേണം എന്ന തീരുമാനത്തിന്റെ പേരിൽ ഒരുപാട് മുസ്‌ലിം വിദ്യാർഥിനികൾക്ക് വിദ്യാഭ്യാസം, മതം, അന്തസ്സ്, സ്വകാര്യത എന്നീ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതുവഴി മുസ്‌ലിം സമൂഹത്തിലുണ്ടാകുന്ന പിന്നാക്കാവസ്ഥയുടെ കണക്കുകൾ ഇവിടെ ഹാജരാക്കിയിട്ടുണ്ട്. ടർബൻ ധരിച്ചുകൊണ്ട് ആൺകുട്ടികൾക്ക് വിദ്യാലയങ്ങളിൽ വരാം; എന്നാൽ ഒരു മുസ്‌ലിം പെൺകുട്ടി തലമറയ്ക്കുന്ന ഒരു തുണിക്കഷ്ണത്തെ വലിയ പ്രശ്നമായിക്കാണാൻ ശ്രമിക്കുന്നത് ശരിയാണോ എന്ന് പരിശോധിക്കണം. ടർബൻ ധരിക്കാൻ അനുവദിച്ചതുപോലെ ശിരോവസ്ത്രം ധരിക്കാനും കോടതിക്ക് അനുമതി നൽകാവുന്നതാണ്.**

രുടെ പരാതിയിൽ ഇന്നയിച്ചതിന് നേരെ കണ്ണടച്ചുകൊണ്ടാണ് ഈ പ്രസ്താവന എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

25(1), 19(1), 21 എന്നീ അനുച്ഛേദങ്ങൾ നൽകുന്ന മൗലികാവകാശങ്ങൾ മുഴുവനും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. വിദ്യാലയത്തിൽ യൂണിഫോമിറ്റി വേണം എന്ന തീരുമാനത്തിന്റെ പേരിൽ ഒരുപാട് മുസ്‌ലിം വിദ്യാർഥിനികൾക്ക് വിദ്യാഭ്യാസം, മതം, അന്തസ്സ്, സ്വകാര്യത എന്നീ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതുവഴി മുസ്‌ലിം സമൂഹത്തിലുണ്ടാകുന്ന പിന്നാക്കാവസ്ഥയുടെ കണക്കുകൾ ഞങ്ങൾ ഇവിടെ ഹാജരാക്കിയിട്ടുണ്ട്. ടർബൻ ധരിച്ചുകൊണ്ട് ആൺകുട്ടികൾക്ക് വിദ്യാലയങ്ങളിൽ വരാം; എന്നാൽ ഒരു മുസ്‌ലിം പെൺകുട്ടി തലമറയ്ക്കുന്ന ഒരു തുണിക്കഷ്ണത്തെ വലിയ പ്രശ്നമായിക്കാണാൻ ശ്രമിക്കുന്നത് ശരിയാണോ എന്ന് പരിശോധിക്കണം. ടർബൻ ധരിക്കാൻ അനുവദിച്ചതുപോലെ ശിരോവസ്ത്രം ധരിക്കാനും കോടതിക്ക് അനുമതി നൽകാവുന്നതാണ്.

**സ്വകാര്യത മൗലികാവകാശം**

2017ലെ പുട്ടസ്വാമി കേസ് അഡ്വ. മുച്ചാല കോടതിയെ ഓർമപ്പെടുത്തി. പൗരന്റെ സ്വകാര്യതയെ ബാധിക്കുന്ന വിധത്തിൽ ആധാർ വിവരങ്ങൾ കമ്പനികൾക്ക് നൽകണമെന്ന സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ജസ്റ്റിസ് പുട്ടസ്വാമി സുപ്രീംകോടതിയിൽ സമർപ്പിച്ച പരാതി പരിഗണിച്ചുകൊണ്ട് കോടതി പറഞ്ഞത് സ്വകാര്യത മൗലികാവകാശമാണെന്നാണ്. 'നിയമം സ്ഥാപിച്ചിട്ടുള്ള നടപടിക്രമത്തിലൂടെയല്ലാതെ ഒരു വ്യക്തിയുടെയും ജീവിതവും വ്യക്തിസ്വാതന്ത്ര്യവും ഹനിക്കപ്പെടാൻ പാടുള്ളതല്ല' എന്നാണ് ഭരണഘടനയുടെ അനുച്ഛേദം 21 വ്യക്തമാക്കുന്നത്. 19(1)ൽ പറയുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്മേലുള്ള അവകാശവും 25ൽ പറയുന്ന മതസ്വാതന്ത്ര്യവും വെവ്വേറെയാണെന്നാണ് (Mutually exclusive) കർണാടക ഹൈക്കോടതി പറയുന്നത്. എന്നാൽ അവ രണ്ടും പരസ്പര പൂരകമാണ് എന്നതാണ് സത്യം. മതേതരത്വം പ്രോത്സാഹിപ്പിക്കാനാണെന്ന് കോടതി പറയുന്നു. ലക്ഷ്യം ഉദാത്തമായിരിക്കാം. എന്നാൽ ഫലം വിപരീതമാകുകയാണ് ഇവിടെ സംഭവിക്കുന്നത്. മതവിശ്വാസികളായ ദേശീയവാദികളാണ് നമുക്ക് സ്വാതന്ത്ര്യം വാങ്ങിത്തന്നത്. പക്ഷേ, ഇപ്പോൾ വിശ്വാസം പരസ്യമാക്കാൻ പാടില്ലെന്ന് വരുന്നത് സ്വാതന്ത്ര്യത്തിന് വിരുദ്ധമാണെന്ന് മനസ്സിലാക്കണം. ഒരാൾ എന്ത് ധരിക്കണം, ഏത് വിധത്തിലുള്ള താടി വളർത്തണം തുടങ്ങിയ കാര്യങ്ങൾ ഓരോരുത്തരുടെയും വ്യക്തിപരമായ കാര്യമാണ്. കുറച്ചു പെൺകുട്ടികൾ തലയിൽ തട്ടമിട്ടാൽ അതിനെയൊരു കുറ്റകൃത്യമായി കാണുന്നത് ശരിയാണോ?

ശിരോവസ്ത്രം ധരിക്കുന്ന പെൺകുട്ടികളെ ഹാസ്യകഥാപാത്രങ്ങളായി കാണരുത്. അവരെ മാന്യരായി കാണാൻ സാധിക്കണം. അവർ ഇച്ഛാശക്തിയുള്ള കുട്ടികളാണ്. അവരുടെമേൽ വിധികൾ അടിച്ചേൽപിക്കാമെന്ന് ആരും കരുതരുത്. ഖുർആൻ അനുശാസിക്കുന്നത് അടക്കവും ഒതുക്കവുമാണ്. അത് അനുസരിക്കുക എന്നത് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. മതപരമായ കാര്യങ്ങൾ എത്രത്തോളം കൊണ്ടുനടക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശവും വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. അതും അടിച്ചേൽപിക്കാൻ സാധിക്കില്ല. ഒരാൾ അയാളുടെ രൂപഭാവങ്ങൾ തെരഞ്ഞെടുക്കുന്നത് സ്വകാര്യതയിൽ പെട്ടതാണ്. സ്വകാര്യതയാവട്ടെ മൗലികാവകാശവുമാണ്.

അന്തസ്സിനെ (Digntiy) സ്വകാര്യതയിൽനിന്നും വേർപ്പെടുത്താൻ സാധിക്കില്ല. പുട്ടസ്വാമി കേസിലെ വിധിയെ ഉദ്ധരിച്ചുകൊണ്ട് മുച്ചാല പറഞ്ഞു.

**'എസെൻഷ്യൽ' അല്ല, 'ഫ്രീഡം' ആണ് പ്രശ്നം**

ശിരോവസ്ത്രം ധരിക്കുന്ന



തിൽ മതപരമായ അഭിപ്രായവ്യത്യാസത്തെയാണ് ഹൈക്കോടതി ഉയർത്തിക്കാണിക്കാൻ ശ്രമിച്ചത്. എന്നാൽ പണ്ഡിതന്മാർ എന്തുപറയുന്നു എന്നതല്ല, സാധാരണക്കാർ കാലങ്ങളായി ആചാരമായി സ്വീകരിച്ചതാണ് പരിഗണിക്കപ്പെടേണ്ടത്. ഏതു പണ്ഡിതനെ പിന്തുടരണം എന്ന് പറയുക കോടതിയുടെ ജോലിയല്ല. അത് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ പെട്ടതാണ്. അനുച്ഛേദം 25 വ്യക്തിയുടെ അവകാശത്തെക്കുറിച്ച് പറയുന്നു. ആർട്ടിക്കിൾ 26 മതവിഭാഗത്തിന്റെ അവകാശത്തെക്കുറിച്ചും പറയുന്നു. അനുച്ഛേദം 26, 25(2) എന്നീ അനുച്ഛേദങ്ങൾക്ക് താഴെയാണ് അത്യന്താപേക്ഷിത മതാചാരങ്ങളുമായി Essential religious Practice) ബന്ധപ്പെട്ട കാര്യങ്ങൾ വരുന്നത്. അത്യന്താപേക്ഷിത മതാചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു മതസമൂഹവുമായി ബന്ധപ്പെട്ടതാണ്; വ്യക്തിയുമായി ബന്ധപ്പെട്ടതല്ല. ശിരോവസ്ത്രവുമായി ബന്ധപ്പെട്ട വിഷയം വ്യക്തികളുടെ അഭിപ്രായ സ്വാതന്ത്ര്യം (19), മതസ്വാതന്ത്ര്യം (25) എന്നിവയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അത്യന്താപേക്ഷിത മതാചാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പിന്നീട് എന്തിന് കോടതിക്ക് മുമ്പാകെ കൊണ്ടുവന്നു എന്ന ബെഞ്ചിന്റെ ചോദ്യത്തിന് അത് ആരെങ്കിലും ആവേശത്തിൽ കോടതിയിൽ കൊണ്ടുവന്നാൽതന്നെ കോടതി കോടതിയുടെ പരിധി മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണമായിരുന്നു എന്നാണ് യൂസുഫ് മുച്ചാല പറഞ്ഞത്. ഹരജിക്കാരിൽ ചിലർ കോടതിയിൽ ചോദ്യം ഉന്നയിച്ച നിമിഷംതന്നെ, അത് അത്യന്താപേക്ഷിത മതാചാരമാണോ അല്ലയോ എന്ന് ഞങ്ങൾക്ക് തീരുമാനിക്കാൻ കഴിയില്ലെന്ന് കോടതി കൈകൂപ്പി പറയണമായിരുന്നു എന്നും അദ്ദേഹം വ്യക്തമാക്കി. ഖുർആൻ വ്യാഖ്യാനിക്കുന്നതിന് വളരെ വ്യവസ്ഥാപിതമായ രീതികളുണ്ട്. എന്നാൽ അവ അവലംബിക്കാതെയാണ് ഹൈക്കോടതി ഖുർആനിക വചനങ്ങളിൽ ചില

**ശിരോവസ്ത്രം ധരിക്കുന്നതിൽ മതപരമായ അഭിപ്രായവ്യത്യാസത്തെയാണ് ഹൈക്കോടതി ഉയർത്തിക്കാണിക്കാൻ ശ്രമിച്ചത്. എന്നാൽ പണ്ഡിതന്മാർ എന്തുപറയുന്നു എന്നതല്ല, സാധാരണക്കാർ കാലങ്ങളായി ആചാരമായി സ്വീകരിച്ചതാണ് പരിഗണിക്കപ്പെടേണ്ടത്. ഏതു പണ്ഡിതനെ പിന്തുടരണം എന്ന് പറയുക കോടതിയുടെ ജോലിയല്ല. അത് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ പെട്ടതാണ്. അനുച്ഛേദം 25 വ്യക്തിയുടെ അവകാശത്തെക്കുറിച്ച് പറയുന്നു. ആർട്ടിക്കിൾ 26 മതവിഭാഗത്തിന്റെ അവകാശത്തെക്കുറിച്ചും പറയുന്നു. അനുച്ഛേദം 26, 25(2) എന്നീ അനുച്ഛേദങ്ങൾക്ക് താഴെയാണ് അത്യന്താപേക്ഷിത മതാചാരങ്ങളുമായി** Essential religious Practice) **ബന്ധപ്പെട്ട കാര്യങ്ങൾ വരുന്നത്. അത്യന്താപേക്ഷിത മതാചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു മതസമൂഹവുമായി ബന്ധപ്പെട്ടതാണ്; വ്യക്തിയുമായി ബന്ധപ്പെട്ടതല്ല. ശിരോവസ്ത്രവുമായി ബന്ധപ്പെട്ട വിഷയം വ്യക്തികളുടെ അഭിപ്രായ സ്വാതന്ത്ര്യം (19), മതസ്വാതന്ത്ര്യം (25) എന്നിവയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അത്യന്താപേക്ഷിത മതാചാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പിന്നീട് എന്തിന് കോടതിക്ക് മുമ്പാകെ കൊണ്ടുവന്നു എന്ന ബെഞ്ചിന്റെ ചോദ്യത്തിന് അത് ആരെങ്കിലും ആവേശത്തിൽ കോടതിയിൽ കൊണ്ടുവന്നാൽതന്നെ കോടതി കോടതിയുടെ പരിധി മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണമായിരുന്നു എന്നാണ് യൂസുഫ് മുച്ചാല പറഞ്ഞത്.**

ആശയങ്ങൾ കണ്ടെത്താൻ ശ്രമിച്ചിട്ടുള്ളത്. മതഗ്രന്ഥങ്ങൾ കോടതികൾ വ്യാഖ്യാനിക്കരുതെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ട്.

**സൽമാൻ ഖുർഷിദ്: ക്വുർആനെ അനുസരിക്കൽ നിർബന്ധം**

യൂസുഫ് മുച്ചാലക്ക് ശേഷം മുൻ വിദേശകാര്യമന്ത്രിയും പ്രമുഖ അഭിഭാഷകനും നിയമപണ്ഡിതനുമായ സൽമാൻ ഖുർഷിദ് ആണ് രംഗത്തുവന്നത്. ക്വുർആനിലും പ്രവാചകനിർദേശങ്ങളിലും വന്നിട്ടുള്ള എല്ലാം നിർബന്ധമായും പാലിക്കുക എന്നത് ഒരു മുസ്‌ലിമിന്റെ കടമയാണ് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അദ്ദേഹം വാദം തുടങ്ങിയത്. ക്വുർആന്റെ പതിപ്പുകൾ അദ്ദേഹം ബെഞ്ചിന് കൈമാറാൻ ശ്രമിച്ചപ്പോൾ ജഡ്ജുമാർ ക്വുർആൻ വ്യാഖ്യാനിക്കാൻ പാടില്ലെന്നാണല്ലോ യൂസുഫ് മുച്ചാല ഇവിടെ വാദിച്ചതെന്ന് ബെഞ്ച് ചോദിച്ചു. ക്വുർആന്റെ മുഴുവൻ കോപ്പി ആവശ്യമില്ലെന്നും ആവശ്യമുള്ള വചനങ്ങളുടെ പരിഭാഷ നൽകിയാൽ മതിയെന്നും കോടതി പറഞ്ഞു. ശിരോവസ്ത്രം മതത്തിന്റെ അവിഭാജ്യ ആചാരമാണെന്നാണോ താങ്കൾ കാണുന്നത് എന്ന കോടതിയുടെ ചോദ്യത്തിന് അദ്ദേഹം അതിനെ മതമായും മനസ്സാക്ഷിയായും സംസ്കാരമായും വ്യക്തിത്വമായും സ്വകാര്യതയായും കാണുന്നു എന്ന മറുപടിയാണ് അദ്ദേഹം നൽകിയത്.

> **എല്ലാം പൊറുക്കുന്ന ദൈവത്തെയാണ് ക്വുർആൻ പരിചയപ്പെടുത്തുന്നതെങ്കിൽ ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ എന്താണ് പ്രശ്നം എന്ന് ഇവിടെ ചോദിക്കപ്പെടുകയുണ്ടായി. ക്വുർആൻ പരിചയപ്പെടുത്തുന്ന ദൈവം സ്നേഹിക്കുന്നവനും കരുണ ചൊരിയുന്നവനും പൊറുക്കുന്നവനുമെല്ലാമാണ്. എന്നാൽ ദൈവ കൽപനകൾ അനുസരിക്കുന്നവർക്ക് പ്രതിഫലമുണ്ടെന്ന് അറിയിച്ചതോടൊപ്പം ദൈവകൽപനകൾ ധിക്കരിക്കുന്നവർക്ക് ശിക്ഷയുണ്ടെന്നുകൂടി അറിയിച്ചിട്ടുണ്ട്. അതെല്ലാം മരണശേഷം പരലോകത്ത് സംഭവിക്കുന്ന കാര്യങ്ങളാണ്; ക്വുർആനിലെ വിവിധ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് സൽമാൻ ഖുർഷിദ് വ്യക്തമാക്കി.**

**കർണാടക കോടതി ഭരണഘടന മറച്ചുപിടിച്ചു**

പൗരന്മാർ നിർവഹിക്കേണ്ട മൗലിക കർത്തവ്യങ്ങൾ വിശദീകരിക്കുന്ന ഭരണഘടനയുടെ 51ാം അനുച്ഛേദത്തിന്റെ ഒരു ഭാഗം ഉദ്ധരിക്കുകയും മറ്റൊരു ഭാഗം ഒഴിവാക്കുകയും ചെയ്തുകൊണ്ടാണ് ശിരോവസ്ത്രം ധരിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നിഷേധിച്ചിരിക്കുന്നത്. 51 A(h)ൽ 'ശാസ്ത്രീയമായ കാഴ്ചപ്പാടും പരിഷ്‌കരണത്തിനുള്ള മനോഭാവവും വികസിപ്പിക്കണമെന്ന്' പറയുന്ന ഭാഗം ഉദ്ധരിച്ച കോടതി അതേ അനുച്ഛേദത്തിലെ 51A(f)ൽ പറയുന്ന 'നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും വേണം' എന്ന വളരെ പ്രധാനപ്പെട്ട ഭാഗം കാണാതെ പോകുന്നത് ശരിയല്ല. ഈ സമ്മിശ്ര സംസ്കാരത്തിൽ നിന്നാണ് 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. ആർമിയുടെ ഭാഗമായോ ബാർ കൗൺസിലിന്റെ ഭാഗമായോ നിർദേശിക്കപ്പെട്ട യൂണിഫോം ധരിക്കുന്നതോടൊപ്പം ഒരാൾ അയാളുടെ സംസ്കാരത്തിന്റെ ഭാഗമായി അനിവാര്യമെന്ന് കരുതുന്ന യാതൊന്നും അണിയാൻ പാടില്ല എന്ന് ഭരണഘടന പറയുന്നില്ല. സ്വകാര്യത എന്ന മൗലികാവകാശത്തിന്റെ ഭാഗമായി ഒരാൾക്ക് വസ്ത്രം തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെന്ന് പുട്ടസ്വാമി വിധിയിൽനിന്നും വ്യക്തമാണ്. ഉത്തർപ്രദേശിലും രാജസ്ഥാനിലും ചില സ്ത്രീകൾ തലമറയ്ക്കുന്ന ഗൂൺഗെറ്റ്(Ghoongat) ധരിക്കാറുണ്ട്. പുറത്തിറങ്ങുമ്പോൾ അത് ധരിക്കൽ അനിവാര്യമാണെന്ന് അവർ കരുതുന്നു.

എല്ലാം പൊറുക്കുന്ന ദൈവത്തെയാണ് ക്വുർആൻ പരിചയപ്പെടുത്തുന്നതെങ്കിൽ ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ എന്താണ് പ്രശ്നം എന്ന് ഇവിടെ ചോദിക്കപ്പെടുകയുണ്ടായി. ക്വുർആൻ പരിചയപ്പെടുത്തുന്ന ദൈവം സ്നേഹിക്കുന്നവനും കരുണ ചൊരിയുന്നവനും പൊറുക്കുന്നവനുമെല്ലാമാണ്. എന്നാൽ ദൈവ കൽപനകൾ അനുസരിക്കുന്നവർക്ക് പ്രതിഫലമുണ്ടെന്ന് അറിയിച്ചതോടൊപ്പം ദൈവകൽപനകൾ ധിക്കരിക്കുന്നവർക്ക് ശിക്ഷയുണ്ടെന്നുകൂടി അറിയിച്ചിട്ടുണ്ട്. അതെല്ലാം മരണശേഷം പരലോകത്ത് സംഭവിക്കുന്ന കാര്യങ്ങളാണ്; ക്വുർആനിലെ വിവിധ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് സൽമാൻ ഖുർഷിദ് വ്യക്തമാക്കി. 'മതത്തിൽ നിർബന്ധമില്ല' എന്ന വചനം മറ്റൊരു മതക്കാരനെ നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ പാടില്ല എന്ന ആശയമാണ് നൽകുന്നത്. 'നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം' എന്ന വചനം കൂടി ഇതിനോടൊപ്പം വായിക്കേണ്ടതാണ്.

**(അടുത്ത ലക്കത്തിൽ: കർണാടക വിധി സ്ത്രീ വിവേചനം)**




# രോഗവും ചികിത്സയും

ഹുസൈൻ സലഫി
: +971 50 634 6963

കണ്ണേറ് യാഥാർഥ്യമോ?: കണ്ണേറ് വാസ്തവമാണോ? അതുമുഖേന രോഗം വരാമോ? കണ്ണേറ് എന്ന ഒരു സംഭവം ഉണ്ടോ? സമൂഹത്തിൽ ഇന്ന് വലിയ ചർച്ചാവിഷയമാണിത്. അതെ, എന്നാണ് ഒറ്റവാക്കിൽ ഉത്തരം. നബി(സ്വ) പറഞ്ഞു: “കണ്ണേറ് എന്നത് യാഥാർഥ്യമാകുന്നു.’’

അതൊരു സത്യമാണ്. ചിലപ്പോൾ അത് സംഭവിച്ചേക്കാം. ആഇശ(റ) പറയുന്നു: ‘അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നോട് കൽപിക്കുകയുണ്ടായി; കണ്ണേറിന് മന്ത്രം നടത്തുവാൻ.’ കണ്ണേറ് ബാധിച്ചതിന്റെ ബുദ്ധിമുട്ടിൽനിന്ന് ശമനം കിട്ടുവാൻ നബി(സ്വ) ഭാര്യ ആഇശ(റ)യോട് കൽപിക്കുകയുണ്ടായി എന്നാണല്ലോ സ്വഹീഹുൽ ബുഖാരിയിലുള്ള ഈ ഹദീസ് വ്യക്തമാക്കുന്നത്.

അമാനി മൗലവിയുടെ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ സൂറതുൽ ഫലക്വിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. നബി(സ്വ) ഹസൻ(റ), ഹുസൈൻ(റ) എന്നീ പേരക്കുട്ടികൾക്ക് വേണ്ടി കണ്ണേറിന് മന്ത്രിച്ചകാര്യം അദ്ദേഹം എടുത്തുപറയുന്നുണ്ട്.

“അല്ലാഹുവിന്റെ സമ്പൂർണ

മായ വചനങ്ങൾ കൊണ്ട്, മുഴുവൻ പിശാചുക്കളിൽനിന്നും എല്ലാ ദുഷ്ട ജന്തുക്കളുടെ ഉപദ്രവങ്ങളിൽനിന്നും എല്ലാ ആക്ഷേപകാരിയായ കണ്ണിന്റെ ഉപദ്രവത്തിൽനിന്നും നിങ്ങൾക്കു രണ്ടുപേർക്കും ഞാൻ അല്ലാഹുവിനോട് കാവൽ ചോദിക്കുന്നു.” ശേഷം നബി(സ) പറഞ്ഞു: “നിങ്ങളുടെ പിതാവായ ഇബ്റാഹീം നബി(അ) ഈ പ്രാർഥനകൊണ്ട് ഇസ്മാഈൽ നബി(അ)ക്കും ഇസ്ഹാക് നബി(അ)ക്കും കാവൽ ചോദിച്ചിരുന്നു” (ബുഖാരി).

(കൂടുതൽ വിവരങ്ങൾക്ക് അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തിൽ സൂറതുൽ ഫലക്വിന്റെ വ്യാഖ്യാനം നോക്കുക).

യഅ്ക്വൂബ് നബി(അ)യുടെ പതിനൊന്ന് മക്കളിൽ പത്ത് മക്കളും ഒരു സ്ഥലത്തേക്ക് പോകുമ്പോൾ അവരോട് പ്രത്യേകമായി നിർദേശിച്ച കാര്യമടങ്ങുന്ന ആയത്തിന്റെ വ്യാഖ്യാനത്തിൽ അമാനി മൗലവി ഇങ്ങനെ എഴുതുന്നത് കാണാം:

“ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്നു യഅ്ക്വൂബ്(അ) മക്കളെ ഉപദേശിച്ചതിന്റെ ആവശ്യമെന്തായിരുന്നു? ഇതു സംബന്ധിച്ചു ഒന്നിലധികം അഭിപ്രായങ്ങൾ നിലവിലുണ്ട്...(2) സൗന്ദര്യവും പ്രഭാവവും മുറ്റിനിൽക്കുന്ന ഒരു സംഘം ആളുകൾ-അതും ഒരേ പിതാവിന്റെ മക്കൾ-ഒരേ വഴിക്കു പ്രവേശിക്കുമ്പോൾ അതു കണ്ണേറു (കരിങ്കണ്ണു) ബാധിക്കുവാൻ കാരണമായേക്കും. അതിൽനിന്നു ഒഴിവാകുവാൻ വേണ്ടിയായിരുന്നു അത്. ഇബ്നു അബ്ബാസ്, മുഹമ്മദുബ്നു കഅ്ബ്, മുജാഹിദ്, ദ്വഹ്ഹാക്ക്, ഖതാദ, സ്വുദ്ദീ (റ) മുതലായവരിൽനിന്നു ഇതു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചു കാണുന്നത് ഇതാകുന്നു. (കണ്ണേറിനെ ഭയന്നാണ് യഅ്ക്വൂബ് നബി(സ) അങ്ങനെ പറഞ്ഞതെന്നുള്ളതിനു തെളിവുകാണുന്നില്ലെങ്കിലും കണ്ണേറു സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണാവുന്നതാണ്)...” (സൂറതു യൂസുഫ് 67ാം വചനത്തിന്റെ വ്യാഖ്യാനത്തിൽനിന്ന്).

നിഷേധിക്കുന്നവരെ ബോധ്യപ്പെടുത്താൻ മാത്രമാണ് ഇത് ഇവിടെ പരാമർശിക്കുന്നത്.

**“ഒരേ വാതിലിൽകൂടി പ്രവേശിക്കരുതെന്നു യഅ്ക്വൂബ്(അ) മക്കളെ ഉപദേശിച്ചതിന്റെ ആവശ്യമെന്തായിരുന്നു? ഇതു സംബന്ധിച്ചു ഒന്നിലധികം അഭിപ്രായങ്ങൾ നിലവിലുണ്ട്... സൗന്ദര്യവും പ്രഭാവവും മുറ്റിനിൽക്കുന്ന ഒരു സംഘം ആളുകൾ-അതും ഒരേ പിതാവിന്റെ മക്കൾ-ഒരേ വഴിക്കു പ്രവേശിക്കുമ്പോൾ അതു കണ്ണേറു (കരിങ്കണ്ണു) ബാധിക്കുവാൻ കാരണമായേക്കും. അതിൽനിന്നു ഒഴിവാകുവാൻ വേണ്ടിയായിരുന്നു അത്. ഇബ്നു അബ്ബാസ്, മുഹമ്മദുബ്നു കഅ്ബ്, മുജാഹിദ്, ദ്വഹ്ഹാക്ക്, ഖതാദ, സ്വുദ്ദീ(റ) മുതലായവരിൽനിന്നു ഇതു നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചു കാണുന്നത് ഇതാകുന്നു. (കണ്ണേറിനെ ഭയന്നാണ് യഅ്ക്വൂബ് നബി(സ) അങ്ങനെ പറഞ്ഞതെന്നുള്ളതിനു തെളിവുകാണുന്നില്ലെങ്കിലും കണ്ണേറു സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണാവുന്നതാണ്)...”**

**(സൂറതു യൂസുഫ് 67ാം വചനത്തിന്റെ വ്യാഖ്യാനത്തിൽനിന്ന്).**

### കണ്ണേറ് ബാധിച്ചുവെന്ന് സംശയം തോന്നുമ്പോൾ എന്താണ് ചെയ്യേണ്ടത്?

‘കരിങ്കണ്ണാ നോക്ക്’ എന്ന് എഴുതിത്തൂക്കിക്കൊണ്ടോ കലം കമഴ്ത്തിവച്ച് അതിൽ ചുണ്ണാമ്പുകൊണ്ട്കണ്ണും മൂക്കും നാക്കും വരച്ചതുകൊണ്ടോ കുട്ടികളുടെ ശരീരത്തിൽ കറുത്ത ചരടും മറ്റും കെട്ടുന്നതു കൊണ്ടോ കുളിപ്പിച്ചു കഴിഞ്ഞ് കുട്ടിയുടെ കവിളത്ത് ഒരു കറുത്ത പൊട്ട് തൊടുന്നതുകൊണ്ടോ ഇതിന് പരിഹാരം ലഭിക്കുകയില്ല. ഇതൊന്നും അനുവദനീയവുമല്ല.

നബി(സ്വ) നിർവഹിച്ച പ്രാർഥനയാണ് നമ്മളും നിർവഹിക്കേണ്ടത്. അല്ലാഹുവിന്റെ റസൂൽ(സ്വ) രോഗിയായി കിടക്കുന്ന അവസരത്തിൽ പോലും ജിബ്‌രീൽ(അ) മന്ത്രിച്ച മന്ത്രം നമുക്ക് ഹദീസുകളിൽ കാണാം: “അല്ലാഹുവിന്റെ നാമത്തിൽ താങ്കൾക്കിതാ ഞാൻ മന്ത്രം നടത്തുന്നു. താങ്കളെ ബുദ്ധിമുട്ടിക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും എല്ലാ വിധത്തിലുള്ള ഉപദ്രവങ്ങളിൽനിന്നും അസൂയാലുവിന്റെ കണ്ണിന്റെ ഉപദ്രവത്തിൽനിന്നും അല്ലാഹു താങ്കൾക്ക് ശമനം നൽകുമാറാവട്ടെ.”

ജീവിതത്തിൽ സംഭവിക്കുന്ന മുഴുവൻ പ്രയാസങ്ങളും കണ്ണേറിന്റെ ഫലമായിട്ടാണെന്ന മൗഢ്യധാരണ വച്ചുപുലർത്തുന്നവർ സമൂഹത്തിലുണ്ട്. അതേസമയം കണ്ണേറ് ഉണ്ടെന്നും അതുകൊണ്ട് പ്രയാസമുണ്ടാകുമെന്നും നബി(സ്വ)യിൽ നിന്നും സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ടെന്നത് അനിഷേധ്യമാണ്. സ്വന്തം ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ സ്വഹീഹായി വന്ന കാര്യങ്ങൾ മുഴുവൻ നിഷേധിച്ച് അല്ലാഹുവിന്റെ കോപത്തിനു വിധേയരാകാൻ ശ്രമിക്കുന്നുവെങ്കിൽ അത്തരക്കാരുടെ കാര്യം മഹാകഷ്ടം തന്നെയാണ്.

ഭൗതികവും ആത്മീയവുമായ നിലയ്ക്കുള്ള ചികിത്സയിലും വിധിക്കപ്പെട്ടതും വിലക്കപ്പെട്ടതു

മുണ്ട്. അല്ലാഹുവിന്റെ പ്രത്യേകമായ അനുവാദം മുഖേന നമുക്ക് ശിഫ ലഭിക്കും. നാം പ്രാർഥിച്ചു കൊണ്ടിരിക്കണം. നമുക്ക് എത്ര പ്രയാസവും വിഷമവുണ്ടായാലും ശിർക്കൻ മന്ത്രങ്ങളിലേക്കും ശിർക്കൻ വിശ്വാസങ്ങളിലേക്കും ഒരിക്കലും നാം പോകാൻ പാടില്ല. മനസ്സ് പതറിപ്പോകുന്ന നേരം പിശാചിന്റെ ദുർമന്ത്രണം നടക്കും. ചൂഷകർ സന്ദർഭം ഉപയോഗപ്പെടുത്തും. 'ഇത്രയൊക്കെ ചികിത്സ നിങ്ങൾ ചെയ്തില്ലേ? ഒരു ഫലവുമുണ്ടായില്ലല്ലോ. ഇനി ഇതുകൂടി നിങ്ങൾ ചെയ്തു നോക്കൂ' എന്നൊക്കെ പറഞ്ഞ് നമ്മെ ശിർക്കിലേക്കും കുഫ്‌റിലേക്കും കൊണ്ടുപോകും. എന്റെ റബ്ബ് നിഷിദ്ധമാക്കിയ ഒരു ചികിത്സയിലേക്കും ശിർക്കിലേക്കും ഞാൻ പോവുകയില്ല എന്ന ദൃഢമായ തീരുമാനം നമ്മിലുണ്ടായിരിക്കണം.

**ജീവിതത്തിൽ സംഭവിക്കുന്ന മുഴുവൻ പ്രയാസങ്ങളും കണ്ണേറിന്റെ ഫലമായിട്ടാണെന്ന മൗഢ്യധാരണ വച്ചുപുലർത്തുന്നവർ സമൂഹത്തിലുണ്ട്. അതേസമയം കണ്ണേറ് ഉണ്ടെന്നും അതുകൊണ്ട് പ്രയാസമുണ്ടാകുമെന്നും നബി(സ്വ)യിൽനിന്നും സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ടെന്നത് അനിഷേധ്യമാണ്. സ്വന്തം ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതിനാൽ സ്വഹീഹായി വന്ന കാര്യങ്ങൾ മുഴുവൻ നിഷേധിച്ച് അല്ലാഹുവിന്റെ കോപത്തിനു വിധേയരാകാൻ ശ്രമിക്കുന്നുവെങ്കിൽ അത്തരക്കാരുടെ കാര്യം മഹാകഷ്ടം തന്നെയാണ്. ഭൗതികവും ആത്മീയവുമായ നിലയ്ക്കുള്ള ചികിത്സയിലും വിധിക്കപ്പെട്ടതും വിലക്കപ്പെട്ടതുമുണ്ട്. അല്ലാഹുവിന്റെ പ്രത്യേകമായ അനുവാദം മുഖേന നമുക്ക് ശിഫ ലഭിക്കും. നാം പ്രാർഥിച്ചുകൊണ്ടിരിക്കണം. നമുക്ക് എത്ര പ്രയാസവും വിഷമവുണ്ടായാലും ശിർക്കൻ മന്ത്രങ്ങളിലേക്കും ശിർക്കൻ വിശ്വാസങ്ങളിലേക്കും ഒരിക്കലും നാം പോകാൻ പാടില്ല.**

### രോഗാവസ്ഥയിലും ആരാധനകളിൽ ശ്രദ്ധിക്കുക

രോഗാവസ്ഥയിലും ആരാധനാകാര്യങ്ങൾക്ക് ഭംഗം വന്നുകൂടാ എന്ന് ഓരോ വ്യക്തിയും തീരുമാനിക്കണം; പ്രത്യേകിച്ച് നമസ്കാരത്തിന്റെ കാര്യത്തിൽ. ഇന്ന് സമൂഹത്തിൽ നെല്ലാരു ശതമാനം പേരും രോഗം വന്നുകഴിഞ്ഞാൽ നമസ്കാരത്തെ അവഗണിക്കുന്നവരാണെന്ന് കാണാനാവും. രോഗികളെ പരിചരിക്കുന്നവരും അങ്ങനെതന്നെയാണ്. രോഗിയുടെ ഭക്ഷണകാര്യത്തിലും കൃത്യസമയത്ത് മരുന്ന് കൊടുക്കുന്നതിന്റെ കാര്യത്തിലും വളരെയേറെ ശ്രദ്ധ പുലർത്തുന്നവർതന്നെ രോഗിയുടെ ആത്മീയകാര്യത്തെ അവഗണിക്കുന്നു എന്നത് ഖേദകരമാണ്.

ഒരു ഘട്ടത്തിലും നമുക്ക് വീഴ്ച വരുത്താൻ പറ്റാത്ത ഇബാദത്താണ് നമസ്കാരം. അഞ്ച് നേരത്തെ നമസ്കാരം പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാ മുസ്‌ലിം സ്ത്രീപുരുഷൻമാർക്കും നിർബന്ധമാണ് എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. മഹാനായ റസൂൽ(സ്വ) അതിന്റെ ഗൗരവം നമ്മെ പഠിപ്പിച്ചു:

"നമ്മുടെയും അവരുടെയും ഇടക്കുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും നമസ്കാരം ഉപേക്ഷിച്ചാൽ അവൻ അവിശ്വാസിയായി (കാഫിറായി) പോയിരിക്കുന്നു'' (തുർമുദി).

മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "ശിർക്കിന്റെയും കുഫ്‌റിന്റെയും ഒരാളുടെയും ഇടക്കുള്ള വ്യത്യാസം നമസ്കാരത്തിൽ ഉപേക്ഷ വരുത്തലാകുന്നു" (മുസ്‌ലിം).

കൃത്യമായി നമസ്കരിക്കുന്നവനാണ് യഥാർഥ മുസ്‌ലിം എന്നർഥം. അത് മനഃപൂർവം ഒഴിവാക്കുന്നവൻ ഇസ്‌ലാമികവൃത്തത്തിനു പുറത്തും! യുദ്ധരംഗത്തുപോലും ഉപേക്ഷിക്കാൻ പറ്റാത്ത ഇബാദത്താണ് നമസ്കാരം! ശത്രുവിനെ ഭയപ്പെട്ട് കഴിയുന്ന വേളയിലും സാധ്യമാകുന്ന വിധത്തിൽ നമസ്കരിക്കണം:

"നിങ്ങൾ (ശത്രുവിന്റെ ആക്രമണം) ഭയപ്പെടുകയാണെങ്കിൽ കാൽനടയായോ വാഹനങ്ങളി



ലായോ (നിങ്ങൾക്ക് നമസ്കരിക്കാം)...” (സൂറതുൽബഖറ:239).

മഹ്ശറിൽ ഒരു മനുഷ്യന്റെ കർമങ്ങളിൽനിന്ന് ആദ്യമായി വിചാരണക്കെടുക്കപ്പെടുന്നത് അവന്റെ അഞ്ചുനേരത്തെ നമസ്കാരമായിരിക്കും. മനുഷ്യന്റെ എല്ലാ കാര്യങ്ങളെയും തൊട്ടറിഞ്ഞുകൊണ്ടുള്ള നിയമങ്ങളാണ് ഇസ്‌ലാമിലുള്ളത്. കാരണം ഇസ്‌ലാമിക ശരീഅത്ത് ഏതെങ്കിലും മനുഷ്യന്റെ മസ്തിഷ്കത്തിൽനിന്ന് ഉൽഭൂതമായ നിയമങ്ങളല്ല; പ്രപഞ്ചസ്രഷ്ടാവിന്റെ നിയമങ്ങളാണത്. സ്രഷ്ടാവിനറിയാം മനുഷ്യന്റെ ശക്തിയെയും ദൗർബല്യത്തെയും കുറിച്ച്. നമസ്കാരത്തിന് നിയതമായ രൂപമുണ്ട്. എന്നാൽ എല്ലാവർക്കും എല്ലാസമയത്തും ആ നിയമമനുസരിച്ച് നമസ്കരിക്കാൻ കഴിയണമെന്നില്ല. രോഗവേളയിൽ, യാത്രയിൽ... അങ്ങനെ പലഘട്ടങ്ങളിലും സമയബന്ധിതമായും നിയമങ്ങൾ പാലിച്ചും നമസ്കരിക്കാൻ കഴിയാതെവരും. അവിടെയൊക്കെ അല്ലാഹു ഇളവുകൾ നൽകിയിട്ടുണ്ട്. എന്നാലും നമസ്കാരം ഒഴിവാക്കിക്കൂടാ.

അല്ലാഹു പറയുന്നു: “മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ നടപ്പിലാക്കിയിട്ടില്ല” (സൂറതുൽ ഹജ്ജ്:78).



“അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് ഞെരുക്കവും പ്രയാസവും ഉദ്ദേശിക്കുന്നില്ല'' (സൂറതുൽബഖറ:185). മനുഷ്യന്റെ കഴിവിൽ പെടാത്ത ഒരു കർമവും അല്ലാഹു നിശ്ചയിച്ചിട്ടില്ല എന്നർഥം.

നബി(സ്വ) പറയുകയുണ്ടായി: “ഞാൻ പറയാത്ത വല്ല കാര്യവുമുണ്ടെങ്കിൽ അത് ഉപേക്ഷിക്കുവിൻ. അതു കുത്തിക്കുത്തി ചോദിക്കരുത്! ഞാൻ നിങ്ങളോട് പറയാതെ വിട്ടതിനെ നിങ്ങളും വിട്ടേക്കുവിൻ. നിങ്ങളുടെ മുമ്പുള്ള സമൂഹത്തിന് പറ്റിയ അബദ്ധം; അവർ നശിക്കാൻ കാരണമായത്, അവരുടെ പ്രവാചകൻമാരോട് അനാവശ്യമായി ചോദ്യം അധികരിപ്പിച്ചതാണ്. പ്രവാചകൻമാരോട് അവർ അഭിപ്രായ വ്യത്യാസം കാണിച്ചതുകൊണ്ടുമാണ്. ആകയാൽ, ഞാൻ നിങ്ങളോട് ചെയ്യണമെന്ന് കൽപിച്ചത് നിങ്ങൾക്ക് കഴിയുന്നവിധം നിങ്ങൾ ചെയ്യുക. വിരോധിച്ചത് മുഴുവനും ഒഴിവാക്കുകയും ചെയ്യുക.”

നബി(സ്വ) നമുക്ക് പഠിപ്പിച്ചുതന്ന ഇസ്‌ലാം എളുപ്പമാണ്. ഇസ്‌ലാമിലെ ഒരു നിയമവും മനുഷ്യനെ ബുദ്ധിമുട്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. നബി(സ്വ) പറയുന്നു: “നിശ്ചയമായും ദീൻ (മതം), അത് എളുപ്പമാണ്” (ബുഖാരി).

കൃത്യമായി നമസ്കരിച്ചിരുന്നവർ പോലും രോഗംവന്നാൽ പിന്നെ നമസ്കരിക്കില്ല! കുറച്ച് ഗൗരവമുള്ള രോഗമാണെങ്കിൽ പറയുകയും വേണ്ട! ഓപ്പറേഷൻ കഴിഞ്ഞതാണ്... ശരീരത്തിൽ മുറിവുകളുണ്ട്...ഇങ്ങനെയുള്ള പല കാരണങ്ങളും പറഞ്ഞ് നമസ്കാരത്തിൽനിന്ന് ഒളിച്ചോടുന്നവരാണ് നല്ലൊരു ശതമാനം രോഗികളും. വൃത്തിയില്ല, ശുദ്ധിയില്ല, വുദൂഅ് ശരിക്ക് എടുക്കാൻ കഴിയുകയില്ല, നമസ്കരിക്കാൻ വൃത്തിയുള്ള സ്ഥലമില്ല എന്നൊക്കെയുള്ള കാരണങ്ങൾ നിരത്തി ഹോസ്പിറ്റലുകളിൽ അഡ്മിറ്റ് ചെയ്യപ്പെട്ടാൽ പലരും നമസ്കാരം ഒഴിവാക്കുന്നു. അവരെ പരിചരിക്കുന്നവർക്കും നമസ്കാരമില്ല. ഇത്തരം ന്യായങ്ങൾ പറഞ്ഞ് നമസ്കാരം ഒഴിവാക്കുന്നവർ ചില കാര്യങ്ങൾ അറിയേണ്ടതുണ്ട്. ചില ധാരണകൾ തിരുത്തേണ്ടതുണ്ട്.

**വിചാരണക്കെടുക്കപ്പെടുന്നത് അവന്റെ അഞ്ചുനേരത്തെ നമസ്കാരമായിരിക്കും. മനുഷ്യന്റെ എല്ലാ കാര്യങ്ങളെയും തൊട്ടറിഞ്ഞുകൊണ്ടുള്ള നിയമങ്ങളാണ് ഇസ്‌ലാമിലുള്ളത്. കാരണം ഇസ്‌ലാമിക ശരീഅത്ത് ഏതെങ്കിലും മനുഷ്യന്റെ മസ്തിഷ്കത്തിൽനിന്ന് ഉൽഭൂതമായ നിയമങ്ങളല്ല; പ്രപഞ്ചസ്രഷ്ടാവിന്റെ നിയമങ്ങളാണത്. സ്രഷ്ടാവിനറിയാം മനുഷ്യന്റെ ശക്തിയെയും ദൗർബല്യത്തെയും കുറിച്ച്. നമസ്കാരത്തിന് നിയതമായ രൂപമുണ്ട്. എന്നാൽ എല്ലാവർക്കും എല്ലാസമയത്തും ആ നിയമമനുസരിച്ച് നമസ്കരിക്കാൻ കഴിയണമെന്നില്ല. രോഗവേളയിൽ, യാത്രയിൽ... അങ്ങനെ പലഘട്ടങ്ങളിലും സമയബന്ധിതമായും നിയമങ്ങൾ പാലിച്ചും നമസ്കരിക്കാൻ കഴിയാതെവരും. അവിടെയൊക്കെ അല്ലാഹു ഇളവുകൾ നൽകിയിട്ടുണ്ട്. എന്നാലും നമസ്കാരം ഒഴിവാക്കിക്കൂടാ**

**കൃത്യമായി നമസ്കരിച്ചിരുന്നവർ പോലും രോഗംവന്നാൽ പിന്നെ നമസ്കരിക്കില്ല! കുറച്ച് ഗൗരവമുള്ള രോഗമാണെങ്കിൽ പറയുകയും വേണ്ട! ഓപ്പറേഷൻ കഴിഞ്ഞതാണ്... ശരീരത്തിൽ മുറിവുകളുണ്ട്... ഇങ്ങനെയുള്ള പല കാരണങ്ങളും പറഞ്ഞ് നമസ്കാരത്തിൽ നിന്ന് ഒളിച്ചോടുന്നവരാണ് നല്ലൊരു ശതമാനം രോഗികളും. വൃത്തിയില്ല, ശുദ്ധിയില്ല, വുദൂഅ് ശരിക്ക് എടുക്കാൻ കഴിയുകയില്ല, നമസ്കരിക്കാൻ വൃത്തിയുള്ള സ്ഥലമില്ല എന്നൊക്കെയുള്ള കാരണങ്ങൾ നിരത്തി ഹോസ്പിറ്റലുകളിൽ അഡ്മിറ്റ് ചെയ്യപ്പെട്ടാൽ പലരും നമസ്കാരം ഒഴിവാക്കുന്നു. അവരെ പരിചരിക്കുന്നവർക്കും നമസ്കാരമില്ല. ഇത്തരം ന്യായങ്ങൾ പറഞ്ഞ് നമസ്കാരം ഒഴിവാക്കുന്നവർ ചില കാര്യങ്ങൾ അറിയേണ്ടതുണ്ട്. ചില ധാരണകൾ തിരുത്തേണ്ടതുണ്ട്.**

ഏത് രോഗിയാണെങ്കിലും ചെറിയ അശുദ്ധിയിൽനിന്നും വലിയ അശുദ്ധിയിൽനിന്നുമൊക്കെ ശുദ്ധിയാവേണ്ടതുണ്ട്. ചെറിയ അശുദ്ധിയിൽനിന്ന് ശുദ്ധിയാവൽ വുദൂഅ് എടുക്കലും വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവൽ കുളിക്കലുമാണ്. നിർബന്ധമായി കുളിക്കേണ്ടുന്ന അവസരങ്ങളിൽ രോഗിയാണെങ്കിലും കുളിക്കൽ നിർബന്ധമാണ്. അതുപോലെ നജസുകളിൽനിന്നും ശുദ്ധിയാവേണ്ടതുണ്ട്. വെള്ളംകൊണ്ട് തന്നെയാണ് ശുദ്ധിയാക്കേണ്ടത്.

ഒരാൾക്ക് വെള്ളം ഉപയോഗിക്കാൻ പറ്റാതായാലോ? മലമൂത്ര വിസർജനം നടത്തിയാൽ വൃത്തിയാക്കേണ്ടേ? ഈ അവസ്ഥയിൽ നജസുകളിൽനിന്ന് വെള്ളമുപയോഗിച്ച് ശുദ്ധിയാവാൻ പറ്റാത്ത സ്ഥിതിയാണെങ്കിൽ അയാൾക്ക് ഈർപ്പം വലിച്ചെടുക്കാൻ പറ്റുന്ന വസ്തുക്കൾ മുഖേന ശുദ്ധീകരണം നടത്തുവാൻ ഇസ്‌ലാം അനുവാദം തന്നിട്ടുണ്ട്. ഈർപ്പം വലിച്ചെടുക്കുന്ന കല്ലുകൾകൊണ്ട് ശുദ്ധിയാക്കാം. കോട്ടൺ, തുണികൾ, പഞ്ഞി, ടിഷ്യൂപേപ്പറുകൾ... ഇവയൊക്കെ ഉപയോഗപ്പെടുത്തി നജസുകളിൽനിന്ന് ശുദ്ധിയാകാം.

മൂത്രമൊഴിച്ചിട്ട് കഴുകിയിട്ടില്ല, കിടന്ന കിടപ്പിൽ മൂത്രം പോവുകയാണ്, ഒന്നും വൃത്തിയായിട്ടില്ല, മൂപ്പരോട് എങ്ങനെയാണ് നിസ്കരിക്കാൻ പറയുക എന്നൊക്കെയാണ് പല ശുശ്രൂഷകൻമാരും ചിന്തിക്കുന്നത്. ഒരു നിലയ്ക്കും നമസ്കാരത്തിൽനിന്ന് ഇളവില്ല എന്ന ബോധം ആദ്യം വേണം. ഈ ബോധമില്ലാത്ത പലർക്കും 'വല്ലാത്ത സ്നേഹം' തോന്നുകയാണ്. എങ്ങനെയാണ് രോഗിയെ ബുദ്ധിമുട്ടിക്കുക? ഉമ്മ അങ്ങനെയല്ലേ കിടക്കുന്നത്? ഉപ്പ അങ്ങനത്തെയൊരു അവസ്ഥയിലല്ലേ? ഭർത്താവ് ഇങ്ങനെയുള്ള ഒരവസ്ഥയിലല്ലേ? ഭാര്യ ഇങ്ങനെയുള്ള ഒരു സ്റ്റേജിലല്ലേ? എങ്ങനെ ഞാനത് പറയും? ഇതാണ് ചോദ്യങ്ങൾ. പക്ഷേ, മരുന്ന് കൊടുക്കുമ്പോൾ ആ സ്നേഹം കാണുന്നില്ല. എന്തു പ്രയാസം സഹിച്ചും ഡോക്ടർ നിർദേശിച്ച മരുന്ന് കൊടുത്തിരിക്കും. ഇഞ്ചക്ഷൻ കൊടുക്കും. അതൊക്കെ താൽക്കാലികമായി ആ രോഗിയുടെ നിലനിൽപിന് ആവശ്യമായ കാര്യങ്ങളാണ്. രോഗം മാറിയേക്കാം, മാറാതിരുന്നേക്കാം.

എന്നാൽ മരണാനന്തരം കബ്‌റിലും മഹ്ശറിലും ആ രോഗി രക്ഷപ്പെടാനാവശ്യമായ വളരെ പ്രധാനപ്പെട്ട കാര്യമാണ് അയാളുടെ നമസ്കാരം. പിന്നെ അതെങ്ങനെ ഒഴിവാക്കും?

"മൂന്നെണ്ണത്തിൽ താഴെയുള്ള കല്ലുകൾകൊണ്ട് ശൗച്യം ചെയ്യുന്നതും (നബി (സ്വ) വിരോധിച്ചിട്ടുണ്ട്"

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "ആരെങ്കിലും കല്ലുകൊണ്ട് ശൗച്യം ചെയ്യുകയാണെങ്കിൽ അവൻ ഒറ്റയാക്കട്ടെ."

മൂന്നെണ്ണംകൊണ്ട് ശുദ്ധിയായില്ലെങ്കിൽ അഞ്ചെണ്ണംകൊണ്ട്, അഞ്ചെണ്ണംകൊണ്ട് ശുദ്ധിയായില്ലെങ്കിൽ ഏഴെണ്ണംകൊണ്ട്... അങ്ങനെ ഒറ്റയായായിട്ടാണ് ചെയ്യേണ്ടത്.

ഏതു വസ്തുകൊണ്ടും ശുദ്ധീകരിക്കാമോ? ഇല്ല! ഭക്ഷണ പദാർഥങ്ങൾകൊണ്ട് (അവ ഈർപ്പം വലിച്ചെടുക്കുന്നവയാണെങ്കിലും) മലമൂത്ര വിസർജനശേഷം ശൗച്യം ചെയ്യാൻ പാടില്ല. മൃഗങ്ങളുടെ കാഷ്ഠം, എല്ലുകൾ മുതലായവകൊണ്ടും ശൗച്യം ചെയ്യാൻ പാടില്ല.

വെള്ളം ഉപയോഗിച്ച് വൃത്തിയാക്കാൻ പറ്റാത്ത അവസ്ഥയിലുള്ള രോഗിയാണെങ്കിൽ നേരത്തെ പറഞ്ഞ അനുവദനീയമായ വസ്തുക്കളിൽ ലഭ്യമായവകൊണ്ട് വൃത്തിയാക്കിക്കൊടുത്ത് വുദൂഅ് ചെയ്യിപ്പിച്ച് (അതിനു കഴിയില്ലെങ്കിൽ തയമ്മും ചെയ്യിപ്പിച്ച്) നമസ്കരിപ്പിക്കണം.

രോഗിക്ക് സ്വന്തമായി വുദൂഅ് ചെയ്യാൻ സാധ്യമല്ലെങ്കിൽ വേറെ ആരെങ്കിലും വുദൂഅ് ചെയ്തുകൊടുക്കണം. വെള്ളം ഉപയോഗിക്കാൻ പറ്റും, എന്നാൽ എഴുന്നേൽക്കാൻ കഴിയില്ല എങ്കിൽ മറ്റുള്ളവരുടെ സഹായം അനിവാര്യമാണല്ലോ. അത്തരക്കാരെ കുളിപ്പിക്കുകയും നജസിൽനിന്ന് വൃത്തിയാക്കിക്കൊടുക്കുകയും ചെയ്യൽ ശുശ്രൂഷിക്കുന്നവരുടെ ബാധ്യതയാണ്. ഇത്തരം സന്ദർഭങ്ങളിൽ രോഗിയുടെ നഗ്നതയിലേക്ക് നോക്കുന്നത് അഭികാമ്യമല്ല.

**(അവസാനിച്ചു)**



# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**വാദം കേൾക്കൽ**

സാക്ഷിവിസ്താരം കഴിഞ്ഞാൽ അടുത്ത ഘട്ടം കോടതി ഇരുഭാഗത്തിന്റെയും വാദങ്ങൾ (arguments) കേൾക്കുകയെന്നതാണ്. വാദം കേൾക്കൽ (hearing) പൂർത്തിയായാൽ അന്നുതന്നെയോ, അല്ലെങ്കിൽ പതിനഞ്ചുദിവസങ്ങൾക്കകമോ കോടതി വിധിപ്രഖ്യാപിക്കുന്നതാണ്. വിധിന്യായത്തിൽ (judgement) കോടതി ഏതുവിധമാണ് വാദമുഖങ്ങൾ ഓരോന്നും തീർച്ചചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കിയിരിക്കും. മാത്രമല്ല, ഇങ്ങനെയുള്ള ഒരു നിഗമനത്തിൽ എങ്ങനെയാണ് എത്തിച്ചേർന്നതെന്നും അതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നും അതിൽ വ്യക്തമാക്കുന്നതാണ്. വിധിന്യായത്തിന്റെ അവസാന ഭാഗത്ത്, കോടതി ഈ കേസിൽ പുറപ്പെടുവിക്കുന്ന ആജ്ഞകളും നിർദേശങ്ങളും ഉണ്ടായിരിക്കും. അന്യായത്തിൽ ആവശ്യപ്പെട്ടിരുന്ന നിവർത്തികളിൽ ഏതെല്ലാം എപ്രകാരമാണ് അനുവദിച്ചിരിക്കുന്നതെന്നും ഈ ഭാഗത്ത് വ്യക്തമാക്കുന്നതാണ്.

കോടതി മേൽപറഞ്ഞ ഭാഗത്ത് പറഞ്ഞിരിക്കുന്ന ഉത്തരവുകളെ ആശ്രയിച്ചുകൊണ്ട് കേസിന്റെ ഡിക്രി (decree-വിധി) തയ്യാറാക്കുന്നു. കോടതിയിലെ ഒരു ഓഫീസർ ആയിരിക്കും ഡിക്രി തയ്യാറാക്കുക. ഇത് വിധിന്യായത്തിന് അനുരൂപമായിരിക്കണം. ഡിക്രിയിൽ തെറ്റുകൾ കടന്നുകൂടിയാൽ അത് തിരുത്താനും വിധിന്യായവുമായി ഡിക്രി യോജിക്കാതെ വന്നാൽ അതിൽ വേണ്ട ഭേദഗതികൾ വരുത്താനും കോടതിക്ക് അധികാരമുണ്ട്.

**വിധിന്യായങ്ങൾ**

വിധിന്യായങ്ങൾ പലവിധമുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്:

1) concurring judgement (സഹജഡ്ജിയോടു യോജിച്ചുള്ളതായ വിധി).
2) Concurring but separate judgements (യോജിച്ചുള്ളതെങ്കിലും ജഡ്ജിമാർ പ്രത്യേകം പ്രത്യേകം തയ്യാറാക്കിയിട്ടുള്ളതായ വിധികൾ).
3) declaratory judgement (ഒരു കേസിലെ വിവിധ കക്ഷികളുടെ നിയമപ്രകാരമുള്ള നില എന്തെന്ന് സ്ഥാപിച്ചുകൊണ്ടുള്ള കോടതിവിധി).
4) Definitive judgement (അപ്പീലിനു പോകാതിരിക്കുകയോ മാറ്റം വരുത്താതിരിക്കുകയോ ചെയ്യുന്നപക്ഷം ആത്യന്തികമായിത്തീരുന്ന വിധി).
5) Dissenting judgement (സഹജഡ്ജിയുടെ വിധിയോട് വിയോജിച്ചുകൊണ്ടുള്ള വിധി, വിയോജനവിധി, ഭിന്നാഭിപ്രായ വിധി).
6) Final judgement (കേസിലെ എല്ലാ തർക്കവിഷയങ്ങളും തീരുമാനിച്ചുകൊണ്ടുള്ള കോടതിയുടെ അന്തിമവിധി. ഇതിൽ കേസിന്റെ സംക്ഷിപ്തവിവരണം, കേസിൽ തീരുമാനിക്കേണ്ടതായ തർക്കസംഗതികൾ, അതിന്മേലുള്ള തീരുമാനങ്ങൾ, ഈ തീരുമാനങ്ങൾക്കുള്ള കാരണങ്ങൾ എന്നിവയുണ്ടായിരിക്കും).
7) Foreign judgement (വിദേശരാജ്യകോടതിയുടെ വിധി).
8) interlocutory judgement (ഇടക്കാല വിധി).
9) Majortiy judgement (ഭൂരിപക്ഷ വിധി).
10) Unanimous judgement (ഏകകണ്ഠ വിധി, ഏകാഭിപ്രായ വിധി).
11) Judgement in personam (കേസിലെ കക്ഷികളെ മാത്രം ബാധിക്കുന്ന വിധി).
12) Judgement in rem (കേസിലെ കക്ഷികളെ മാത്രമല്ല, സർവമാന പേരെയും ബന്ധിക്കുന്ന വിധി).
13) Judgement of acquittal (പ്രതിയെ കുറ്റക്കാരനല്ലെന്നു കണ്ട് വെറുതെ വിട്ടുകൊണ്ടുള്ള കോടതി വിധി).
14) Judgement of affirmation (കീഴ്ക്കോടതിവിധി സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള അപ്പീൽ കോടതി വിധി, കീഴ്ക്കോടതി വിധിക്കെതിരായ അപ്പീൽ തള്ളിക്കൊണ്ടുള്ള വിധി).
15) Judgement of conviction (പ്രതി കുറ്റക്കാരനാണെന്നു കണ്ടുകൊണ്ടുള്ള കോടതിവിധി).
16) Judgement of reversal (കീഴ്ക്കോടതിവിധി അസ്ഥിരപ്പെടുത്തിക്കൊണ്ടുള്ള അപ്പീൽ കോടതി വിധി, കീഴ്ക്കോടതിവിധിക്കെതിരായ അപ്പീൽ അനുവദിച്ചുകൊണ്ടുള്ള വിധി).



**ഡിക്രികളും പലവിധമുണ്ട്:**

1) ഒരു കേസിൽ കക്ഷികൾ സമ്മതിച്ചപ്രകാരം കോടതി കൈക്കൊള്ളുന്ന തീരുമാനം ((consent decree or agreed verudict). ഈ വിധിക്കെതിരെ അപ്പീൽപോകാനാവുന്നതല്ല.
2) വാദിയുടെ അവകാശം സ്ഥാപിച്ചുകൊണ്ടുള്ള കോടതിവിധി (declaratory decree).
3) കേസിലെ എല്ലാ തർക്കവിഷയങ്ങളും തീരുമാനിച്ചുകൊണ്ടുള്ള കോടതിയുടെ അന്തിമവിധി (final decree).
4) കേസിനിടയിൽ സംജാതമാകുന്ന ഏതെങ്കിലും പ്രശ്നത്തിന്മേലുള്ള കോടതിയുടെ തീർപ്പ് (inter locutory decree).-
5) ഒന്നിലധികം പേർക്ക് അനുകൂലമായോ പ്രതികൂലമായോ കോടതി പുറപ്പെടുവിക്കുന്ന കൂട്ടായുള്ള വിധിച്ചി(joint decree).-
6) ചില പ്രത്യേകതരം കേസുകളിൽ (ഭാഗക്കേസുകളിലും മറ്റും) കോടതി പുറപ്പെടുവിക്കുന്ന പ്രാരംഭ വിധി(preliminary decree). തുടർനടപടികൾ നടത്തിയാലേ ഇവിടെ എല്ലാ തർക്ക

വിഷയങ്ങളിലുമുള്ള അന്തിമ തീരുമാനം ഉണ്ടാകൂ.

കേസിനെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാനരേഖയാണ് ഡിക്രി. കോടതിയിൽ അപേക്ഷിച്ചാൽ ഡിക്രിയുടെ അടയാളസഹിതപകർപ്പ് ലഭിക്കുന്നതാണ്. അനുകൂലവിധി നേടിയ വാദിയോ (plaintiff decree holder), അനുകൂലവിധി നേടിയ പ്രതിയോ (defendant decree holder)ആയിരിക്കും വിധിസംഖ്യയ്ക്ക് (decree amount) അവകാശിയായിത്തീരുന്ന വിധിയുടമ (decree holder). വിധി പ്രതികൂലമാകുന്ന കക്ഷിക്ക് ആ ഇനം കേസിന്റെ അപ്പീൽ കേൾക്കാനുള്ള അധികാരം നൽകപ്പെട്ടിട്ടുള്ള കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം. മുൻസിഫ് കോടതിയുടെ വിധികളിന്മേലുള്ള അപ്പീലുകൾ ഫയൽ ചെയ്യേണ്ടത് ജില്ല കോടതിയിലാണ്. ഇവയിൽനിന്നും ജില്ല കോടതി സബ്കോടതിയെ ഏൽപിക്കുന്ന കേസുകൾ ആ കോടതി വാദം കേട്ട് തീരുമാനിക്കും. മുൻസിഫ് കോടതിയിൽനിന്നും സബ്കോടതിയിൽ നിന്നുമുള്ള അപ്പീലുകൾ ജില്ല കോടതിയും വാദം കേട്ട് തീരുമാനിക്കുന്നതാണ്.

ഒരു കോടതിക്ക് സ്വന്തം വിധി ചില സാഹചര്യങ്ങളിൽ പുനപ്പരിശോധിക്കുന്നതിനുള്ള-റിവ്യൂ ചെയ്യുന്നതിനുള്ള-അധികാരം ഉണ്ട്. വിധി പ്രഥമദൃഷ്ട്യാ തെറ്റാണെന്നോ, ന്യൂനതയുള്ളതാണെന്നോ വരുമ്പോഴാണ് ആ കോടതിയിൽ ത്തന്നെ റിവ്യൂ ഹർജി ബോധിപ്പിക്കുന്നത്. ഇതിനുള്ള സമയപരിധി 30 ദിവസമായിരിക്കും. കീഴ്ക്കോടതിയുടെ അപ്പീലില്ലാത്ത ഉത്തരവുകളിലെ പിഴവുകൾ തിരുത്തുന്നതിനോ, ഉത്തരവുകൾ മെച്ചപ്പെടുത്തുന്നതിനോ വേണ്ടി മേൽക്കോടതി നടത്തുന്ന ആ ഉത്തരവുകളുടെ പുതുക്കലാണ് റിവിഷൻ (revision). റിവിഷൻ ഹർജി 90 ദിവസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്. ഒരു കോടതിയുടെ പരിഗണനയിൽ ഒരു കേസ് നിലവിലിരിക്കെ ആ കോടതി ന്യായയുക്തമായ സംശയമുള്ള ഒരു കാര്യമോ, സങ്കീർണമായ ഒരു പ്രശ്നമോ (ഉദാ: ആ കേസിന്റെ തീരുമാനത്തിനാവശ്യമായ ഏതെങ്കിലും നിയമത്തിന്റെയോ, ഓർഡിനൻസിന്റെയോ, റെഗുലേഷന്റെയോ, അല്ലെങ്കിൽ ഇവയിലെ ഏതെങ്കിലും വകുപ്പിന്റെയോ സാധുതയോ, പ്രവർത്തനരഹിതാവസ്ഥയോ ഉൾക്കൊള്ളുന്ന പ്രശ്നം) സംബന്ധിച്ച് ഹൈക്കോടതിയുടെ അഭിപ്രായം തേടുന്ന നടപടിയാണ് റഫറൻസ് (reference).

> **ഒരു കോടതിക്ക് സ്വന്തം വിധി ചില സാഹചര്യങ്ങളിൽ പുനപ്പരിശോധിക്കുന്നതിനുള്ള-റിവ്യൂ ചെയ്യുന്നതിനുള്ള-അധികാരം ഉണ്ട്. വിധി പ്രഥമദൃഷ്ട്യാ തെറ്റാണെന്നോ, ന്യൂനതയുള്ളതാണെന്നോ വരുമ്പോഴാണ് ആ കോടതിയിൽത്തന്നെ റിവ്യൂ ഹർജി ബോധിപ്പിക്കുന്നത്. ഇതിനുള്ള സമയപരിധി 30 ദിവസമായിരിക്കും. കീഴ്ക്കോടതിയുടെ അപ്പീലില്ലാത്ത ഉത്തരവുകളിലെ പിഴവുകൾ തിരുത്തുന്നതിനോ, ഉത്തരവുകൾ മെച്ചപ്പെടുത്തുന്നതിനോ വേണ്ടി മേൽക്കോടതി നടത്തുന്ന ആ ഉത്തരവുകളുടെ പുതുക്കലാണ് റിവിഷൻ** (revision).

ഒരു കേസിൽ വിചാരണക്കോടതിയുടെതായാലും അപ്പീൽ കോടതിയുടെതായാലും വിധി അത്യന്തികമായിത്തീരുമ്പോഴാണ് വിധി നടത്തപ്പെടുന്നത്. ആത്യന്തികവിധി പ്രഖ്യാപിച്ച കോടതിയിൽ അനുകൂലവിധി നേടിയ കക്ഷിക്ക്, ആ കോടതിയിൽ അപേക്ഷിച്ചാൽ ഡിക്രിയുടെ അടയാളസഹിത പകർപ്പു ലഭിക്കും. വിധിനടത്തുകോടതിയിൽ ആ പകർപ്പ് ഹാജരാക്കി അപേക്ഷിച്ചാൽ വിധി നടത്തിക്കിട്ടുന്നതുമാണ്.

**കാലഹരണം**

കോടതിയിൽ കേസുകൾ കൊടുക്കുന്ന കാര്യത്തിൽ നേരിടാവുന്ന ചില നിയമവിലക്കുകൾക്കെതിരെ കക്ഷികൾ ജാഗ്രതപുലർത്തേണ്ടതുണ്ട്. കാലഹരണം ((Limitation) ആണ് ഇവയിലൊന്ന്. കാലഹരണതീയതിക്കു മുമ്പ് വാദി കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കണം. അല്ലാത്തപക്ഷം കോട തിക്ക് ആ കേസ് തള്ളിക്കളയാവുന്നതാണ്.

**നിയമതടസ്സം**

ഒരിക്കൽ തീർച്ചചെയ്യപ്പെട്ടുകഴിഞ്ഞ ഒരു തർക്കവിഷയം, അതുമായി ബന്ധപ്പെട്ട കക്ഷികൾക്കിടയിൽ വീണ്ടും ഒരു കേസിൽ ഉന്നയിക്കുന്നതിന് നിയമതടസ്സം Resjudicata) ഉണ്ടായിരിക്കും. 'റെസ്ജൂഡിക്കേറ്റാ' ഒരു ലാറ്റിൻ പദമാണ്. 'ഒരിക്കൽ തീരുമാനിച്ചത്' എന്നാണ് ആ വാക്കിന്റെ അർഥം. സിവിൽകേസിൽ ഇങ്ങനെ ഒരു അന്യായം സമർപ്പിക്കപ്പെട്ടാൽ പ്രതിക്ക് ഈ നിയമതടസ്സവാദം ഉന്നയിച്ച് കേസ് തള്ളിക്കളയിക്കാവുന്നതാണ്. ഒരേ താൽപര്യക്കാർക്ക് ഒരേ പ്രശ്നത്തെക്കുറിച്ചുള്ള വിധിക്കായി ഒന്നിലധികം തവണ കോടതിയെ സമീപിക്കാൻ അവകാശമില്ല. ഒരിക്കൽ ഉന്നയിച്ചതോ, ഉന്നയിക്കേണ്ടിയിരുന്നതോ ആയ വാദമുഖങ്ങൾ പിന്നീട് ഉന്നയിക്കുന്നതിന് അനുവാദം നൽകാൻ കോടതിക്ക് അധികാരമില്ല. കോടതിയുടെ അധികാരപരിധി ആദ്യത്തെ കേസ്സൂലം ആ കാര്യത്തിൽ അടഞ്ഞുപോയിരിക്കുന്നു എന്നതാണ് ഈ നിയമതടസ്സത്തിനു കാരണം.

**(അവലംബം)**

# സത്യവിശ്വാസിയുടെ വ്യതിരിക്തത

സിയാദ് അൽഹികമി
സുൽത്താൻ ബത്തേരി



അബൂ അബ്ദുല്ല ജദലീ(റ)യിൽനിന്നും നിവേദനം: ഞാൻ ആഇശ (റ)യോട് നബി(സ്വ)യുടെ സ്വഭാവത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ അവർ ഇങ്ങനെ മറുപടി പറഞ്ഞു: 'നബി(സ്വ) മ്ലേഛ വർത്തമാനങ്ങൾ മനപ്പൂർവമായോ അല്ലാതെയോ സംസാരിക്കുകയോ അങ്ങാടികളിൽ ഒച്ച വച്ച് സംസാരിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല. തിന്മയെ തിന്മകൊണ്ടുതന്നെ പ്രതിരോധിക്കാതെ അത് പൊറുത്തുകൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയുമാണ് അവിടുന്ന് ചെയ്യുക'' (തിർമിദി, അഹ്മദ്)

നബി(സ്വ)യുടെ സ്വഭാവം മാനവരാശിക്കാകമാനം മാതൃകയാണ്. പണിക്കാരനും പണക്കാരനും ഭരണാധികാരിക്കും ഭരണണീയർക്കും എന്നു തുടങ്ങി ഏതൊരു വ്യക്തിക്കും ഏതു മേഖലയിലും അവിടുത്തെ ജീവിതത്തിൽ ഉത്തമ മാതൃകയുണ്ട്. അദ്ദേഹത്തിന്റെ സ്വഭാവം ക്വുർആൻ ആയിരുന്നു. അവിടുന്ന് പറഞ്ഞു: 'നിശ്ചയം, ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് സൽസ്വഭാവത്തിന്റെ പൂർത്തീകരണത്തിനായാണ്''(അഹ്മദ്).

ഈ ഹദീസ് പ്രധാനപ്പെട്ട ചില കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു:

1. സംസാരത്തിൽ നബി(സ്വ) മാന്യത കാണിച്ചിരുന്നു: സഹജീവികളുമായി ഇടപഴകുമ്പോഴും അവരുമായി വിനിമയങ്ങളിൽ ഏർപ്പെടുമ്പോഴും മാന്യമായി സംസാരിക്കണം. മറ്റുള്ളവരിൽ നിന്നും നീചമായ പ്രവൃത്തികളും അരോചകമായ വാക്കുകളും ഉണ്ടാകുമ്പോൾ മാന്യമായി പ്രതികരിക്കാൻ കഴിയണം. നബി(സ്വ)യോട് അല്ലാഹു പറയുന്നു: "അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു'' (ആലുഇംറാൻ: 159).
2. അനാവശ്യമായി ഒച്ചവച്ച് സംസാരിക്കരുത്: അമിതവും അനാവശ്യവുമായ സംസാരങ്ങൾ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് പറയട്ടെ, അല്ലെങ്കിൽ മൗനം അവലംബിക്കട്ടെ' (ബുഖാരി).
3. അങ്ങാടികളിൽ ശ്രദ്ധിക്കേണ്ട മര്യാദകൾ: അങ്ങാടികളിൽ നിലമറന്ന് ഉച്ചത്തിൽ സംസാരിക്കുകയും അനാവശ്യമായി കച്ചവടവസ്തുക്കളെ പുകഴ്ത്തുകയും കള്ളസത്യം ചെയ്ത് വസ്തുക്കൾ വിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുന്നു.
4. വിട്ടുവീഴ്ചയെയും മാപ്പ് നൽകുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നു: വിട്ടുവീഴ്ച കാണിക്കലും മാപ്പുനൽകലും ഉദാത്തമായ സ്വഭാവമാണ്. അല്ലാഹു തനിക്ക് മാപ്പുനൽകണമെന്ന് ആഗ്രഹിക്കുന്നവർ സഹജീവികൾക്ക് മാപ്പുനൽകാൻ തയ്യാറാകേണ്ടതുണ്ട്.

അബൂദർറ്(റ) നബി(സ്വ)യുടെ നിയോഗത്തെ കുറിച്ച് അറിഞ്ഞപ്പോൾ തന്റെ സഹോദരനെ നബിയുടെ അടുക്കലേക്ക് പറഞ്ഞയച്ചു. 'ആകാശത്തുനിന്നും വഹ്‌യ് ഇറങ്ങുന്നു എന്ന് വാദിക്കുന്ന ആ വ്യക്തിയുടെ അടുക്കൽ പോയി അദ്ദേഹം എന്താണ് സംസാരിക്കുന്നത് എന്നും അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ എന്താണ് എന്നുമെല്ലാം എനിക്ക് നീ അറിയിച്ചുതരണം.' സഹോദരൻ നബിയുടെ അടുക്കൽ പോയി. അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ കേട്ട് തിരിച്ചു പോന്നു. തന്റെ സഹോദരന്റെ അടുക്കലേക്ക് ചെന്നുകൊണ്ട് പറഞ്ഞു: 'അദ്ദേഹത്തെ സൽസ്വഭാവം പഠിപ്പിച്ചുകൊടുക്കുന്നവനായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞത്' (ബുഖാരി)

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

വില: ₹280+₹360+₹420=₹1060
ഒരുമിച്ച് ബുക്ക് ചെയ്യുന്നവർക്ക്: ₹860

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 NOVEMBER 19

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,
ഏഴാം
വയസ്സിലേക്ക്...

7



ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ: ₹624

പ്രചാരണ
മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

പ്രചാരണ മാസം
2022 നവംബർ: 10 - ഡിസംബർ: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**